24
2025
മേയ്
ശനി
ഇടവം 10

# NAUTICAL TIMES KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No.147 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-147 പേജ് 4. വില 2.00 രൂപ

02 ഫിഷറീസ് സർവകലാശാലയ്ക്ക് നാക് എ ഗ്രേഡ് അക്രഡിറ്റേഷൻ
03 അതിതീവ്ര മഴയ്ക്ക് സാധ്യത: റെഡ്, ഓറഞ്ച് അലർട്ടുകൾ പ്രഖ്യാപിച്ചു
04 സിഎംഎഫ്ആർഐയുടെ കല്ലുമ്മക്കായ കൃഷിയിൽ 1.7 ടൺ വിളവെടുപ്പ്



മന്ത്രിസഭയുടെ നാലാം വാർഷികാഘോഷങ്ങളുടെ ഭാഗമായി പുറത്തിറക്കിയ സംസ്ഥാന സർക്കാരിന്റെ പ്രോഗ്രസ് റിപ്പോർട്ട് പ്രകാശനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുന്നു

# സർവതല സ്പർശിയായ വികസനം :മുഖ്യമന്ത്രി

സർക്കാരിന്റെ പ്രോഗ്രസ് റിപ്പോർട്ട് പ്രകാശനം ചെയ്തു

സാമൂഹിക നീതിയിലധിഷ്ഠിതമായ സർവതല സ്പർശിയായ വികസനമാണ് കേരളം നടത്തുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. മന്ത്രിസഭയുടെ നാലാം വാർഷിക ആഘോഷങ്ങളുടെ സമാപന സമ്മേളന ഉദ്ഘാടനവും സർക്കാരിന്റെ പ്രോഗ്രസ് റിപ്പോർട്ട് പ്രകാശനവും തിരുവനന്തപുരം പുത്തരിക്കണ്ടത്ത് നടന്ന ചടങ്ങിൽ നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി.

2016 മുതലുള്ള തുടർച്ചയാണ് ഈ സർക്കാരിനുള്ളത്. മന്ത്രിസഭയുടെ നാലാം വാർഷികത്തിന്റെ ഭാഗമായി പതിനാല് ജില്ലകളിലും വിവിധ മേഖലകളിൽ നിന്നുള്ളവരെ ഉൾപ്പെടുത്തിയുള്ള ജില്ലാതല യോഗങ്ങളും പദ്ധതി പുരോഗതി വിലയിരുത്തുന്നതിനുള്ള മേഖലാതല യോഗങ്ങളും നടത്തി. കേരളത്തിന്റെ ഭാവിയെക്കുറിച്ചുള്ള ശരിയായ ദിശാബോധം നൽകുന്ന യോഗങ്ങളിൽ പങ്കെടുത്തവരുടെ പ്രതികരണം മികച്ചതായിരുന്നു. തുടർന്ന് നടന്ന റാലികളിലെ ജനപങ്കാളിത്തം കേരളത്തിന്റെ മാറ്റവും പുരോഗതിയും ജനങ്ങൾ സ്വീകരിക്കുന്നു എന്നതിന്റെ നേർക്കാഴ്ചയായി മാറി. 2016 ലെ സംസ്ഥാനത്തിന്റെ അവസ്ഥയിൽ നിന്നുണ്ടായ മാറ്റം എല്ലാ വിഭാഗം ജനങ്ങളും അംഗീകരിക്കുന്നു.

കേരളത്തിലെ പൊതുവിദ്യാഭ്യാസ രംഗം എല്ലാക്കാലത്തും മികച്ച മാതൃകയാണ്. നവോത്ഥാന നായകരുടെ ഇടപെടലും തുടർന്നുള്ള കേരളജനതയുടെ സമീപനവുമാണ് ഇതിന് കാരണം. ഈ നേട്ടങ്ങൾക്ക് അടിത്തറയിട്ടത് ഇ എം എസിന്റെ നേതൃത്വത്തിലുള്ള ആദ്യ ഗവൺമെന്റാണ്. വിദ്യാഭ്യാസ സൗജന്യവും സാർവത്രികവുമായതോടൊപ്പം പൊതുവിദ്യാലയങ്ങളുടെ വ്യാപനവും ഇതിന് പ്രധാന പങ്കുവഹിച്ചു. എന്നാൽ 2016 ലെ അധികാരത്തിൽ വരുമ്പോൾ ആയിരത്തോളം സ്കൂളുകൾ അടച്ചുപൂട്ടൽ ഭീഷണിയിലായിരുന്നു. പൊതു വിദ്യാലയങ്ങളിൽ നിന്നും അഞ്ച് ലക്ഷം വിദ്യാർഥികൾ കൊഴിഞ്ഞുപോകുന്ന സാഹചര്യവും ഉണ്ടായി. ഈ ആശങ്കകൾ നിലനിൽക്കുന്ന സമയത്ത് പൊതുവിദ്യാഭ്യാസ രംഗത്തെ സംരക്ഷിക്കുന്ന നിലപാട് സംസ്ഥാന സർക്കാർ സ്വീകരിച്ചു. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന് സർക്കാർ തുടക്കം കുറിച്ചു. ഇതിന്റെ ഫലമായി ഇന്ത്യയിൽ നീതിആയോഗിന്റെ ലിസ്റ്റിൽ ഇന്ത്യയിലെ ഏറ്റവും മികച്ച പൊതു വിദ്യാഭ്യാസ രംഗം എന്ന നിലയിലേക്ക് ഉയർന്നതിനൊപ്പം പത്തു ലക്ഷത്തോളം വിദ്യാർത്ഥികളാണ് പൊതു വിദ്യാലയങ്ങളിലേക്ക് തിരിച്ചെത്തിയത്. 5000 കോടി രൂപയാണ് സംസ്ഥാന സർക്കാർ ഇതിനായി ചെലവഴിച്ചത്. സ്മാർട്ട് ക്ലാസ് റൂമുകൾ നിർമ്മിച്ച് ഹൈടെക് വിദ്യാലയങ്ങളായി നമ്മളുടെ സ്കൂളുകളെ മാറ്റുകയും ചെയ്തു.

ആരോഗ്യരംഗത്തും 2016 ൽ വലിയ തകർച്ച നേരിട്ടത് നമുക്കറിയാം'. ഡോക്ടർമാർ, നേഴ്സുമാർ, ആരോഗ്യ പ്രവർത്തകർ, മരുന്നുകളുടെ ലഭ്യത എന്നിവയിലെല്ലാം പരിതാപകരമായ അവസ്ഥയായിരുന്നു. എന്നാൽ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കിയുംജില്ല, താലൂക്ക് ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും സൂപ്പർസ്പെഷ്യാലിറ്റി ബ്ലോക്കുകൾ അനുവദിച്ചും മെഡിക്കൽ കോളേജുകൾക്ക് പ്രത്യേക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയും സർക്കാർ നവീകരണം ആരംഭിച്ചു. ഇതിന്റെ ഫലമായി ലോകം പകച്ചുനിന്ന കാലയളവിൽ കേരളം കോവിഡിനെ അതിജീവിക്കുകയും കേരളത്തിലെ ആരോഗ്യ നേട്ടത്തെ ലോക രാജ്യങ്ങൾ അദ്ഭുതാദരങ്ങളോടെ നോക്കിക്കാണുകയും ചെയ്തു. ആവശ്യത്തിന് ഐസിയു ബെഡുകളും വെൻറിലേറ്റർ ബെഡുകളുമടക്കം ആ സാഹചര്യത്തിൽ ഉണ്ടായിരുന്നു എന്നത് ശ്രദ്ധേയമാണ്..

ജനങ്ങൾക്ക് മതിയായ ചികിത്സ സൗകര്യം ഏർപ്പെടുത്തുന്നതിനായി സർക്കാർ നടത്തിയ ആർദ്രം മിഷന്റെ ആകെത്തുകയാണ് ഈ നേട്ടങ്ങൾ.

നടപ്പിലാകില്ലെന്ന് മുൻ ഗവൺമെന്റ് നിലപാടെടുത്ത് ഒഴിവാക്കിയ നാഷണൽ ഹൈവേ വികസനം ഈ സർക്കാർ പൂർണതയിലേക്ക് എത്തിക്കുകയാണ്. ഒരുഘട്ടത്തിൽ 2016 ൽ ദേശീയപാത അതോറിറ്റി കേരളത്തിലെ ഓഫീസ് തന്നെ ഉപേക്ഷിച്ച് സംസ്ഥാനത്തു നിന്നും പോയ സാഹചര്യം ഉണ്ടായിരുന്നു. എന്നാൽ 45 മീറ്റർ വീതിയുള്ള ദേശീയ പാത എന്ന ലക്ഷ്യത്തിനായി ഭൂമി ഏറ്റെടുക്കലിന് 25 ശതമാനം തുക വഹിച്ചു കൊണ്ടാണ് കേരളം പദ്ധതി പൂർത്തീകരിക്കുന്നത്. ദേശീയപാത വികസനത്തിന് രാജ്യത്തുതന്നെ പണം ചെലവഴിക്കുന്ന ഏക സംസ്ഥാനമായി കേരളം മാറി. 5600 കോടി രൂപയാണ് ഇതിനായി സംസ്ഥാനം നീക്കിവെച്ചത്. ഇന്ന് ദേശീയപാത വികസനം നല്ലരീതിയിൽ മുന്നേറുകയും സമയബന്ധിതമായി പൂർത്തീകരിക്കുകയും ചെയ്യുന്ന അവസ്ഥയിലാണ്. എന്നാൽ ദേശീയപാത നിർമാണ ഘട്ടത്തിലെ അപാകതകൾ സംസ്ഥാന സർക്കാരിന്റെ കുഴപ്പമാണ് എന്ന് വരുത്തി തീർക്കാനുള്ള ശ്രമവും നടക്കുന്നുണ്ട്.

## മിസൈൽ പരീക്ഷണത്തിന് ഇന്ത്യ; വ്യോമമേഖല രണ്ട് ദിവസം അടച്ചിടും

ന്യൂഡൽഹി: ബംഗാൾ ഉൾക്കടലിൽ പുതിയ മിസൈൽ പരീക്ഷണത്തിന് ഇന്ത്യ. രണ്ട് ദിവസം ആൻഡമാനിലെ വ്യോമമേഖല അടച്ചിടുമെന്നും അധികൃതർ അറിയിച്ചു. മേയ് 23-24 തീയതികളിലാണ് വ്യോമാതിർത്തി മൂന്ന് മണിക്കൂർ വീതം അടച്ചിടുമെന്ന് ഇന്ത്യ അറിയിച്ചത്.

നോട്ടീസ് ടു എയർമെൻ പ്രകാരം ഒരു സിവിലിയൻ വിമാനവും നിർദ്ദിഷ്ട വ്യോമാതിർത്തിയ്ക്കപ്പുറമുള്ള ഉയരത്തിൽ ഉപയോഗിക്കാൻ അനുവദിക്കില്ലെന്നും അറിയിച്ചിട്ടുണ്ട്. നോട്ടീസ് ടു എയർമെൻ പ്രകാരം ആൻഡമാൻ നിക്കോബാർ ദ്വീപുകൾക്ക് ചുറ്റുമുള്ള ഏകദേശം 500 കിലോമീറ്റർ പരിധിയിൽ മേയ് 23 നും 24 നും രാവിലെ ഏഴിനും 10 നും ഇടയിലാണ് പരീക്ഷണങ്ങൾ നടക്കുക.

ഈ സമയത്ത് ഒമ്പത് അന്താരാഷ്ട്ര വിമാന റൂട്ടുകൾ അടച്ചിടും. ആൻഡമാൻ നിക്കോബാർ ദ്വീപ് മേഖല ഇന്ത്യ മുൻപും ഇത് പോലെ മിസൈൽ പരീക്ഷണങ്ങൾക്കായി ഉപയോഗിച്ചിട്ടുണ്ട്. 2025 ജനുവരിയിൽ ബ്രഹ്മോസ് സൂപ്പർസോണിക് മിസൈൽ സാൽവോ മോഡിൽ ഇവിടെ പരീക്ഷിച്ചിരുന്നു.

## ഫോട്ടോഗ്രാഫറും നടനുമായ രാധാകൃഷ്ണൻ ചക്യാട്ട് അന്തരിച്ചു

കൊച്ചി: പ്രശസ്ത ഫോട്ടോഗ്രാഫറും നടനുമായ രാധാകൃഷ്ണൻ ചക്യാട്ട് അന്തരിച്ചു. ഹൃദയാഘാതം മൂലമായിരുന്നു അന്ത്യം. ചാർളി എന്ന ദുൽഖർ സൽമാൻ എന്ന സിനിമയിലൂടെയാണ് രാധാകൃഷ്ണൻ അഭിനയരംഗത്തെത്തിയത്. ചിത്രത്തിൽ ഡേവിഡ് എന്ന കഥാപാത്രത്തെയാണ് രാധാകൃഷ്ണൻ അവതരിപ്പിച്ചത്.

കാമറ, ഫോട്ടോഗ്രഫി തുടങ്ങിയ വിഷയങ്ങളിൽ നിരവധി ക്ലാസുകൾക്ക് നേതൃത്വം നൽകിയിരുന്ന രാധാകൃഷ്ണൻ സമൂഹമാധ്യമങ്ങളിലും സജീവമായിരുന്നു. രാജ്യത്തെ പ്രമുഖ ബ്രാൻഡുകൾക്കായി ഫോട്ടോഷൂട്ട് നടത്തിയിട്ടുള്ള രാധാകൃഷ്ണൻ പ്രശസ്ത ഫാഷൻ ഫോട്ടോഗ്രാഫർ കൂടിയായിരുന്നു. രാധാകൃഷ്ണൻ ചാക്യാട്ടിന്റെ വിയോഗവിവരം അദ്ദേഹത്തിന്റെ ടീമായ 'പിക്സൽ വില്ലേജ്' ഔദ്യോഗികമായി പങ്കുവച്ചിട്ടുണ്ട്.

## ഹയർസെക്കണ്ടറി പ്രവേശനം: ട്രയൽ അലോട്ടമെന്റ് ഇന്ന്

ഹയർസെക്കണ്ടറി ഒന്നാം വർഷ പ്രവേശനത്തിനായുള്ള ട്രയൽ അലോട്ടമെന്റ് ഇന്ന് (മെയ് 24) വൈകിട്ട് 5 മണിക്ക് പ്രസിദ്ധീകരിക്കും. പ്രോസ്പെക്ടസ് മാനദണ്ഡങ്ങൾ അനുസരിച്ച് സാധുതയുള്ള അപേക്ഷകളും ഓപ്ഷനുകളുമാണ് അലോട്ടമെന്റിനായി പരിഗണിച്ചിട്ടുള്ളത്. ഹയർസെക്കണ്ടറി അഡ്മിഷൻ വെബ്സൈറ്റിൽ പ്രവേശിച്ച് ഇമിറശ റമലേ ഘീഴശി ടണട എന്നതിലൂടെ ലോഗിൻ ചെയ്ത് ക്യാൻഡിഡേറ്റ് ലോഗിനിലെ റൃശമഹ ഞലൗെഹേ എന്ന ലിങ്കിലൂടെ അപേക്ഷകർക്ക് ട്രയൽ റിസൾട്ട് പരിശോധിക്കാം. ട്രയൽ റിസൾട്ട് പരിശോധിക്കുന്നതിന് വേണ്ട സാങ്കേതിക സൗകര്യങ്ങൾ അപേക്ഷകർക്ക് വീടിനടുത്തുള്ള സർക്കാർ / എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിലെ ഹെൽപ്പ് ഡെസ്കുകളിൽ നിന്നും തേടാം. മോഡൽ റെസിഡെൻഷ്യൽ സ്കൂളുകളിൽ പ്രവേശനത്തിന് അപേക്ഷിച്ചവരുടേയും ട്രയൽ അലോട്ടമെന്റും ഇതോടൊപ്പം പ്രസിദ്ധീകരിക്കും. അപേക്ഷകർക്ക് Candidate Login-MRS എന്നതിലൂടെ ലോഗിൻ ചെയ്ത് കാൻഡിഡേറ്റ് ലോഗിനിലെ Trial Results എന്ന ലിങ്കിലൂടെ ട്രയൽ റിസൾട്ട് പരിശോധിക്കാം. അപേക്ഷകർക്കുള്ള വിശദ നിർദ്ദേശങ്ങളും ഇതേ വെബ്സൈറ്റിൽ ലഭ്യമാണ്. മേയ് 28 ന് വൈകിട്ട് 5 മണിവരെ അപേക്ഷകർക്ക് ട്രയൽ അലോട്ടമെന്റ് ലിസ്റ്റ് പരിശോധിക്കാം. എന്തെങ്കിലും തിരുത്തലുകൾ ആവശ്യമാണെങ്കിൽ കാൻഡിഡേറ്റ് ലോഗിനിലെ Edit Application എന്ന ലിങ്കിലൂടെ ആവശ്യമായ തിരുത്തലുകൾ / ഉൾപ്പെടുത്തലുകൾ മേയ് 28 ന് വൈകിട്ട് 5 മണിക്കുള്ളിൽ നടത്തി ഫൈനൽ കൺഫർമേഷൻ ചെയ്യണം. തെറ്റായ വിവരങ്ങൾ നൽകി ലഭിക്കുന്ന അലോട്ടമെന്റ് റദ്ദാക്കപ്പെടും.

## ദൈവദാസൻ മാർ മാക്കീൽ ഉൾപ്പെടെ മൂന്നുപേർ ധന്യപദവിയിലേക്ക്



വത്തിക്കാൻ സിറ്റി: ദൈവദാസരായ ബിഷപ് മാത്യു മാക്കീൽ, ബിഷപ് അലെസ്സാന്ദ്രോ ലബാക്ക ഉഗാർത്തെ, സിസ്റ്റർ അഞ്ചേസെ അറാങ്കോ വെലാസ്കസ് എന്നിവരുടെ നാമകരണച്ചടങ്ങുകൾക്കുള്ള ഡിക്രി പ്രസിദ്ധീകരിച്ചു. മൂന്നു ധന്യാത്മാക്കളുടെ വീരോചിത സുകൃതങ്ങൾക്ക് ലെയോ പതിനാലാമൻ മാർപാപ്പയുടെ അനുവാദം ലഭിച്ചു. ഇതോടെയാണ് വിശുദ്ധരുടെ നാമകരണത്തിനായുള്ള വത്തിക്കാൻ ഡിക്കാസ്റ്ററിയുടെ അധ്യക്ഷൻ കർദിനാൾ മാർസെല്ലോ സെമെറാറോ അംഗീകരിച്ച് ഡിക്രി പ്രസിദ്ധീകരിച്ചത്. 1889 മുതൽ കോട്ടയം വികാരിയാത്തിൽ തെക്കുംഭാഗക്കാർക്കായുള്ള വികാരി ജനറാളായിരുന്നു ബിഷപ് മാത്യു മാക്കീൽ.

തുടർന്ന് 1896 മുതൽ ചങ്ങനാശേരിയുടെയും 1911ൽ ക്നാനായ കത്തോലിക്കർക്കായി സ്ഥാപിക്കപ്പെട്ട കോട്ടയത്തിന്റെയും പ്രഥമ തദ്ദേശീയ അപ്പസ്തോലിക വികാരിയായിരുന്നു ദൈവദാസൻ ബിഷപ് മാർ മാത്യു മാക്കീൽ. കോട്ടയം അതിരൂപതയിലെ വിസിറ്റേഷൻ സന്ന്യാസിനീ സമൂഹത്തിന്റെ സ്ഥാപകൻകൂടിയാണ് മാർ മാത്യു മാക്കീൽ.

1851 മാർച്ച് 27 ന് കോട്ടയത്തിനടുത്തുള്ള മാഞ്ഞൂരിൽ ജനിച്ച അദ്ദേഹം 1914 ജനുവരി 26ന് കോട്ടയത്തുവച്ചാണ് ദിവംഗതനായത്. എടയ്ക്കാട്ട് സെൻറ് ജോർജ് ഫൊറോന പള്ളിയിലാണ് കബറിടം സ്ഥിതിചെയ്യുന്നത്. മതാധ്യാപനം, വിദ്യാഭ്യാസം, സമർപ്പിതജീവിതത്തിലേക്കുള്ള വിളി എന്നിവ പ്രോത്സാഹിപ്പിക്കുക, മതാത്മകജീവിതം പ്രോത്സാഹിപ്പിക്കുന്ന സംഘടനകൾ വളർത്തുക, ദാരിദ്ര്യത്തിനെതിരായ പോരാട്ടം നടത്തുക തുടങ്ങിയ മേഖലകളിൽ വലിയ സംഭാവനകൾ നൽകാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്.

സ്പെയിനിലെ ബെയ്സാമയിൽ 1920 ഏപ്രിൽ 19ന് ജനിച്ച മാനുവൽ എന്ന ദൈവദാസൻ ബിഷപ് അലെസാൻദ്രോ ലബാക്ക ഉഗാർത്തെ 1987 ജൂലൈ 21ന് ഇക്വഡോറിലെ തിഗ്വിനോ പ്രദേശത്താണു ദിവംഗതനായത്. ഓർഡർ ഓഫ് ഫ്രയേഴ്സ് മൈനർ കപ്പൂച്ചിൻ സന്ന്യാസസഭംഗമായിരുന്ന അദ്ദേഹം പൊമാറിയയുടെ സ്ഥാനിക മെത്രാനും അഗ്വാറികോയുടെ അപ്പസ്തോലിക വികാരിയുമായിരുന്നു.



# ഛായാചിത്ര കോർണർ ശ്രദ്ധേയമായി



കനകക്കുന്ന് കൊട്ടാരത്തിലെ ഛായാചിത്ര കോർണർ ശ്രദ്ധേയമായി. എന്റെ കേരളം പ്രദർശന മേളയുടെ ഭാഗമായി ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പാണ് ഛായാചിത്ര കോർണർ ഒരുക്കിയത്. വകുപ്പിന്റെ പ്രസിദ്ധീകരണങ്ങളിൽ വിവിധ അവസരങ്ങളിൽ ഉപയോഗിച്ച പ്രശസ്ത വ്യക്തികളുടെ കാരിക്കേച്ചറുകൾ, ഛായാചിത്രങ്ങൾ തുടങ്ങിയവയാണ് പ്രദർശിപ്പിച്ചത്.

ഇൻഫർമേഷൻ പബ്ലിക് റിലേഷൻ വകുപ്പിൽ ഡിസൈനറായ വി എസ് പ്രകാശ് ആണ് ആകർഷകമായ ഛായാചിത്രങ്ങൾ വരച്ചത്.

വിവിധ കാലഘട്ടങ്ങളിലെ എഴുത്തുകാർ, സാംസ്കാരിക നായകർ, കവികൾ, രാഷ്ട്രീയ നേതാക്കൾ ഉൾപ്പടെയുള്ളവരുടെ പോർട്രെയിറ്റ് ചിത്രങ്ങൾ, ചരിത്ര സംഭവങ്ങൾ, കേരളത്തിന്റെ മുന്നേറ്റങ്ങൾ, വികസനപദ്ധതികൾ തുടങ്ങിയവ വി എസ് പ്രകാശിന്റെ ചിത്രരചനകളിൽ വിരിഞ്ഞിട്ടുണ്ട്. പെൻസിൽ സ്കെച്ച്, കളർ പെൻ, വാട്ടർ കളർ തുടങ്ങിയവ ഉപയോഗിച്ചാണ് ചിത്രങ്ങൾ തയാറാക്കിയത്. ഔദ്യോഗിക ആവശ്യങ്ങൾക്കായി 18 വർഷമായി തയാറാക്കുന്ന ചിത്രങ്ങളിലെ ചെറിയൊരു ശേഖരമാണ് പ്രദർശനത്തിലുള്ളത്.

മഹാത്മാ ഗാന്ധി, ഡോ. ബി ആർ അംബേദ്കർ, എ പി ജെ അബ്ദുൾ കലാം, ഇ എം എസ് നമ്പൂതിരിപ്പാട്, വള്ളത്തോൾ നാരായണ മേനോൻ, ചങ്ങമ്പുഴ കൃഷ്ണപിള്ള, വയലാർ രാമവർമ്മ, വൈക്കം മുഹമ്മദ് ബഷീർ, ഒ എൻ വി കുറുപ്പ്, പി ഭാസ്കരൻ, മാധവിക്കുട്ടി, സുഗതകുമാരി, കേസരി ബാലകൃഷ്ണപിള്ള, എം ലീലാവതി, കോവിലൻ, കെ കരുണാകരൻ, ഉമ്മൻ ചാണ്ടി, മുഖ്യമന്ത്രി പിണറായി വിജയൻ, സിസ്റ്റർ ലിനി തുടങ്ങി മുപ്പത്തിരണ്ടോളം ഛായാചിത്രങ്ങൾ പ്രദർശനത്തിനുണ്ട്.

# ഹോമിയോ മേഖലയിൽ ഗവേഷണത്തിന് കൂടുതൽ പ്രാധാന്യംനൽകണം: മന്ത്രി വീണാ ജോർജ്

## ലോക ഹോമിയോപ്പതി ദിനാഘോഷം 2025

ഹോമിയോ മേഖലയിൽ ഗവേഷണത്തിന് കൂടുതൽ പ്രാധാന്യം നൽകണമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഹോമിയോപ്പതി വകുപ്പ് 1973ൽ നിലവിൽ വരുമ്പോൾ സംസ്ഥാനത്ത് 64 ഡിസ്പെൻസറികളും 4 ആശുപത്രികളും മാത്രമാണ് ഉണ്ടായിരുന്നത്. ഇപ്പോഴത് 14 ജില്ലാ മെഡിക്കൽ ഓഫീസുകളും 34 ആശുപത്രികളും 709 ഡിസ്പെൻസറികളും എന്ന നിലയ്ക്ക് വളർന്ന് വലിയ വകുപ്പുകളിലൊന്നായി മാറി. ഹോമിയോപ്പതി രംഗത്ത് ഈ സർക്കാരിന്റെ കാലത്ത് വലിയ പ്രവർത്തനങ്ങളാണ് നടത്തിയത്. 40 ഹോമിയോ ഡിസ്പെൻസറികൾ കൂടി സജ്ജമാക്കി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഹോമിയോപ്പതി സ്ഥാപനങ്ങൾ സ്ഥാപിക്കാനായി. 40 ഹോമിയോ മെഡിക്കൽ ഓഫീസർമാരുടെ തസ്തികകൾ സൃഷ്ടിച്ചു. ദേശീയ ഗുണനിലവാരം ഉറപ്പ് വരുത്തിയതിന്റെ ഫലമായി 102 സ്ഥാപനങ്ങൾക്ക് എൻ എബിഎച്ച് സർട്ടിഫിക്കേഷൻ ലഭിച്ചു. കേരളത്തിലെ ആയുഷ് മേഖലയുടെ പ്രവർത്തനങ്ങളെ കേന്ദ്ര ആയുഷ് മന്ത്രാലയവും അഭിനന്ദിച്ചിട്ടുണ്ട്. വളരെയേറെ പുരോഗതി കൈവരിച്ച ഹോമിയോ മേഖലയിൽ കൂടുതൽ മുന്നോട്ട് പോകാൻ ഗവേഷണം അത്യാവശ്യമാണെന്നും മന്ത്രി വ്യക്തമാക്കി. ലോക ഹോമിയോ ദിനാചരണം സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.ഹോമിയോപ്പതിയുടെ ഉപജ്ഞാതാവായ ഡോ. സാമുവൽ ഹാനിമാന്റെ ജന്മദിനമായ ഏപ്രിൽ 10ന് ലോക ഹോമിയോപ്പതി ദിനമായി ആചരിച്ച് വരുന്നു. ദിനാചരണത്തിന്റെ ഭാഗമായി 'പൊതുജനാരോഗ്യ സംരക്ഷണത്തിൽ ഹോമിയോപ്പതിയുടെ പ്രസക്തി' എന്ന വിഷയവുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളിൽ നിന്നും വിദഗ്ധ പാനൽ തെരഞ്ഞെടുത്തവയുടെ അവതരണവും സംഘടിപ്പിച്ചു.

പൊതുജനങ്ങൾക്ക് വേണ്ടിയുള്ള ആയുഷ് ഹോമിയോപ്പതി ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (അഘശഛ 2.0) പോർട്ടലിന്റെ ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു. പൊതുജനങ്ങൾക്ക് ഹോമിയോപ്പതി സ്ഥാപനങ്ങളിലേക്ക് അപ്പോയിന്റ്മെന്റ് മുൻകൂറായി ബുക്ക് ചെയ്യുന്നതിനും ചികിത്സാ വിവരങ്ങൾ അറിയുന്നതിനും ആയിട്ടാണ് പബ്ലിക് പോർട്ടൽ സജ്ജമാക്കിയിട്ടുള്ളത്. ഏറ്റവും അടുത്ത് സ്ഥിതി ചെയ്യുന്ന ഹോമിയോപ്പതി സ്ഥാപനങ്ങളുടെ ലൊക്കേഷൻ, ലഭ്യമായ സേവനങ്ങൾ എന്നിവ അപ്ഡേറ്റഡ് ആയി അറിയുന്നതിനും ഈ പോർട്ടൽ സഹായിക്കുന്നു. സമയബന്ധിതമായി സേവനം ലഭ്യമാക്കാൻ അപ്പോയിന്റ്മെന്റ് സംവിധാനം സഹായിക്കുന്നു. വകുപ്പിന്റെ കീഴിലുള്ള ലബോറട്ടറികളിൽ നിന്നും ലഭ്യമാകുന്ന പരിശോധനാ വിവരങ്ങൾ ഈ പോർട്ടലിൽ ഓട്ടോമേറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. അതിനാൽ ലബോറട്ടറിയിൽ റിസൾട്ട് തയ്യാറാകുമ്പോഴേക്കും ഡോക്ടറുടെ ലോഗിനിലും രോഗിയുടെ പോർട്ടലിലും വിവരങ്ങൾ ലഭ്യമാകും. പൊതുജനങ്ങൾക്ക് സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ പോർട്ടലിലൂടെ വിലയിരുത്താനാകും. കൂടാതെ വ്യക്തികൾക്ക് അവരവരുടെ ദൈനംദിന ആരോഗ്യ വിവരങ്ങൾ രേഖപ്പെടുത്താനുള്ള സംവിധാനവും ഈ പോർട്ടലിൽ ലഭ്യമാണ്.

നാഷണൽ ആയുഷ് മിഷൻ സ്റ്റേറ്റ് മിഷൻ ഡയറക്ടർ ഡോ. ഡി. സജിത് ബാബു അധ്യക്ഷത വഹിച്ച ചടങ്ങിൽ ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ ഡോ. എം.പി. ബീന, ഐഎസ്എം വകുപ്പ് ഡയറക്ടർ ഡോ. കെ.എസ്. പ്രിയ, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ഡോ. ടി.ഡി. ശ്രീകുമാർ, പ്രിൻസിപ്പൽ ആന്റ് കൺട്രോളിംഗ് ഓഫീസർ ഡോ. ടി.കെ. വിജയൻ, ഹോമിയോപ്പതി സ്റ്റേറ്റ് പ്രോഗ്രാം മാനേജർ ഡോ. ആർ. ജയനാരായണൻ, ഹോംകോ മാനേജിംഗ് ഡയറക്ടർ ഡോ. ശോഭാ ചന്ദ്രൻ, ഹോമിയോപ്പതി ഡെപ്യൂട്ടി ഡയറക്ടർ ഡോ. വികെ പ്രിയദർശിനി തുടങ്ങിയവർ പങ്കെടുത്തു.

# ഡിയ അക്കാദമി പി.ജി.ഡിപ്ലോമ : ജൂൺ 7 വരെ അപേക്ഷിക്കാം

സംസ്ഥാന സർക്കാർ സ്ഥാപനമായ കേരള മീഡിയ അക്കാദമിയുടെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്യൂണിക്കേഷൻ നടത്തുന്ന ജേണലിസം & കമ്യൂണിക്കേഷൻ, ടെലിവിഷൻ ജേണലിസം, പബ്ലിക് റിലേഷൻസ് & അഡ്വർടൈസിങ്ങ് എന്നീ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ കോഴ്സുകൾക്ക് ജൂൺ 7 വരെ ഓൺലൈനായി അപേക്ഷ സമർപ്പിക്കാം. പൊതുപ്രവേശന പരീക്ഷ ജൂൺ 14-ന് ഓൺലൈനായി നടക്കും.

ഏതെങ്കിലും വിഷയത്തിൽ ബിരുദമാണ് അടിസ്ഥാന യോഗ്യത. അവസാനവർഷ ബിരുദ പരീക്ഷ എഴുതുന്നവർക്കും, പരീക്ഷയെഴുതി ഫലം കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാം. 2025 മേയ് 31ന് 28 വയസ്സ് കവിയരുത്. പട്ടികജാതി, പട്ടികവർഗ, ഒ.ഇ.സി. വിഭാഗക്കാർക്ക് നിയമാനുസൃത വയസ്സ് ഇളവുണ്ടായിരിക്കും. ഈ വിഭാഗക്കാർക്ക് ഫീസിളവും ഉണ്ടാകും. അഭിരുചി പരീക്ഷയുടേയും ഇന്റർവ്യൂവിന്റേയും അടിസ്ഥാനത്തിലായിരിക്കും പ്രവേശനം.ഇന്റേൺഷിപ്പും, പ്രാക്ടിക്കലും ഉൾപ്പെടെ കോഴ്സിന്റെ ദൈർഘ്യം ഒരു വർഷമാണ്. അപേക്ഷകൾ ഓൺലൈനായി വെബ്സൈറ്റിലൂടെ സമർപ്പിക്കാം. അപേക്ഷാ ഫീസ് 300 രൂപ (പട്ടികജാതി, പട്ടികവർഗ, ഒ.ഇ.സി. വിഭാഗക്കാർക്ക് 150 രൂപ) ഇ-ട്രാൻസ്ഫർ / ജി-പേ/ ബാങ്ക് മുഖേന അടച്ച രേഖ അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യണം. ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ജൂൺ 7. കൂടുതൽ വിവരങ്ങൾ അക്കാദമി ഓഫീസിൽ നിന്ന് ലഭിക്കും. ഫോൺ: 0484-2422275. 8590320794 (ഡയറക്ടർ), 8086138826 (ടെലിവിഷൻ ജേണലിസം കോ-ഓർഡിനേറ്റർ), 7356149970 (പബ്ലിക് റിലേഷൻസ് കോ-ഓർഡിനേറ്റർ), 9747886517 (ജേണലിസം & കമ്യൂണിക്കേഷൻ കോ-ഓർഡിനേറ്റർ). വിശദവിവരങ്ങൾക്ക്: www.keralamediaacademy.org.

# നിയമനം

കേരള സർക്കാർ വനിത ശിശു വികസന വകുപ്പ് മുഖേന ജില്ലകളിൽ നടപ്പിലാക്കുന്ന കാവൽ പദ്ധതിയിലേക്ക് രണ്ടു വിദഗ്ധരെ നിയമിക്കുന്നു. വിശദാംശങ്ങൾക്ക്: https://wcd.kerala.gov.in.

# നിഷിൽ ഒഴിവ്

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ് (നിഷ്) കോളേജ് ഓഫ് ഒക്യുപേഷണൽ തെറാപ്പിയിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷിക്കാനുള്ള അവസാന തീയതി മെയ് 29. യോഗ്യത, പരിചയം, അപേക്ഷിക്കേണ്ട വിധം എന്നിവയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക്: http://nish.ac.in/others/career.

# അപേക്ഷാ തീയതി നീട്ടി

യൂണിവേഴ്സിറ്റി കോളേജിൽ നടത്തുന്ന സിവിൽ സർവീസ് (പ്രിലിമിനറി) പരീക്ഷ പരിശീലനത്തിന് അപേക്ഷിക്കുന്നതിനുള്ള അവസാന തീയതി മെയ് 29 വരെ ദീർഘിപ്പിച്ചു. അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാൻ കോച്ചിങ് സെന്ററിന്റെ www.univcsc.com എന്ന വെബ്സൈറ്റ് സന്ദർശിക്കാം. ഓഫ്‌ലൈനായി അപേക്ഷ സമർപ്പിക്കാൻ അപേക്ഷ ഫോം ബോട്ടണി ബ്ലോക്കിൽ പ്രവർത്തിക്കുന്ന സി.എസ്.സി.സി ഓഫീസിൽ ലഭ്യമാണ്.

# സൗജന്യ പ്ലേസ്മെന്റ് ഡ്രൈവ്

കേന്ദ്ര തൊഴിൽ ഉദ്യോഗ മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ദേശീയ തൊഴിൽ സേവന കേന്ദ്രം സ്വകാര്യ സ്ഥാപനവുമായി സംയോജിച്ച് പട്ടികജാതി/ വർഗത്തിൽപ്പെട്ട യുവതീ യുവാക്കൾക്ക് വേണ്ടി ജൂൺ 3ന് സൗജന്യ പ്ലേസ്മെന്റ് ഡ്രൈവ് സംഘടിപ്പിക്കുന്നു. താൽപര്യമുള്ള ഉദ്യോഗാർഥികൾ ജൂൺ 2ന് വൈകിട്ട് 4 മണിക്ക് മുമ്പായി https://forms.gle/c6sjxAS56Nm73N7L9 ഗൂഗിൾ ലിങ്കിൽ രജിസ്റ്റർ ചെയ്യണം. ലിങ്കിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർഥികൾ ബയോഡാറ്റയും അവരവരുടെ വിദ്യാഭ്യാസ യോഗ്യത, ജാതി, വയസ്സ്, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും സഹിതം ജൂൺ 3ന് രാവിലെ 10 മണിക്ക് നാഷണൽ കരിയർ സർവീസ് സെന്റർ ഫോർ എസ്.സി/ എസ്.ടി, സംഗീത കോളേജിന് പിൻവശം, തൈക്കാട്, തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ ഇന്റർവ്യൂവിന് ഹാജരാകണം. ഒഴിവ് സംബന്ധമായ വിശദ വിവരങ്ങൾക്ക് 'NATIONAL CAREER SERVICE CENTRE FOR SC/STs, Trivandrum" എന്ന ഫേസ്ബുക്ക് പേജ് സന്ദർശിക്കാം.ഫോൺ: 0471 2332113.

# ഫിഷറീസ് സർവകലാശാലയ്ക്ക് നാക് എ ഗ്രേഡ് അക്രഡിറ്റേഷൻ

നാഷണൽ അസസ്മെന്റ് അക്രഡിറ്റേഷൻ കൗൺസിലിന്റെ (നാക്) അക്രഡിറ്റേഷനിൽ കേരള ഫിഷറീസ് സമുദ്ര പഠന സർവകലാശാലയ്ക്ക് (കുഫോസ്) എ ഗ്രേഡ് ലഭിച്ചതായി ഫിഷറീസ് വകുപ്പ് മന്ത്രി സജി ചെറിയാൻ. ഗുണനിലവാരമുള്ള വിദ്യാഭ്യാസത്തോടും ഗവേഷണത്തോടും വിജ്ഞാനവ്യാപനത്തോടുമുള്ള സ്ഥാപനത്തിന്റെ സമീപനത്തിനുള്ള അംഗീകാരമാണിത്. കുഫോസിന്റെ അക്കാദമിക് യാത്രയിൽ ഈ അംഗീകാരം പ്രധാന ചുവടുവെയ്പ്പാകും. ഈ നേട്ടത്തിനു പിന്നാലെ കൊച്ചിൻ ഷിപ്യാർഡിന്റെ സിഎസ്ആർ ഫണ്ടിൽനിന്നും 20 ലക്ഷം രൂപ കുഫോസിനു ലഭിച്ചതായും സെക്രട്ടറിയറ്റ് പിആർ ചേംബറിൽ നടന്ന വാർത്താസമ്മേളനത്തിൽ മന്ത്രി അറിയിച്ചു.

ഇന്നത്തെ ആഗോള തൊഴിൽ മേഖല ആവശ്യപ്പെടുന്ന വൈവിധ്യമാർന്ന അക്കാദമിക് പാഠ്യപദ്ധതികളിലാണ് കുഫോസ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഐസർ, യുജിസി, എഐസിടിഇ എന്നിവയുടെ അംഗീകാരം ലഭിച്ച പ്രോഗ്രാമുകൾ നടപ്പിലാക്കുന്ന സംസ്ഥാനത്തെ ഏക സ്പെഷ്യലൈസ്ഡ് സർവ്വകലാശാല കൂടിയാണ് കുഫോസ്.

നാക് ഗുണനിലവാര പരിശോധനാ പ്രക്രിയയിൽ പാഠ്യവിഷയങ്ങൾ, അധ്യാപന-പഠന പ്രവർത്തനങ്ങൾ, മൂല്യനിർണ്ണയം, വിദ്യാർത്ഥികൾക്ക് കൊടുക്കുന്ന പിന്തുണയും പുരോഗതിയും, എന്നിവയിൽ സർവ്വകലാശാല ഉയർന്ന ഗ്രേഡുകൾ നേടി. താരതമ്യേന പരിമിതമായ അടിസ്ഥാന സൗകര്യങ്ങളോടെ പ്രവർത്തിക്കുന്ന ശൈശവാവസ്ഥ പിന്നിട്ടിട്ടില്ലാത്ത സർവ്വകലാശാലയായിട്ടും ഗവേഷണം, നൂതനസാങ്കേതിക വിദ്യ, വിപുലീകരണ പ്രവർത്തനങ്ങൾ എന്നീ മേഖലകളിൽ കുഫോസ് ഉയർന്ന സ്കോർ നേടിയിട്ടുണ്ട്. ഗവേഷണത്തിൽ മികച്ച ട്രാക്ക് റെക്കോർഡുള്ള അധ്യാപകരെ നാക് പിയർ ടീം അവരുടെ അന്തിമ റിപ്പോർട്ടിൽ പ്രത്യേകമായി പരാമർശിച്ചിരിക്കുന്നു.

ഫിഷറീസിലും അനുബന്ധ ശാസ്ത്രങ്ങളിലും ഈ കാലയളവിൽ കുഫോസ് നടത്തിയ ഗവേഷണവും വിപുലീകരണ പ്രവർത്തനങ്ങളും ശ്രദ്ധേയമായ സംഭാവനകളാണ് നൽകിയത്. ഇതിൽ പലതും പ്രാദേശിക പ്രശ്നങ്ങൾ പരിഹരിക്കാൻ ഗണ്യമായ രീതിയിൽ സഹായിച്ചിട്ടുണ്ട്. വിദ്യാർത്ഥി കേന്ദ്രീകൃത പഠനം, പ്രായോഗിക പരിശീലനം, നൈപുണ്യ വികസന പരിപാടികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിൽ കുഫോസ് ശ്രദ്ധ ചെലുത്തുന്നു. ഈ വിഷയങ്ങളിൽ സർവ്വകലാശാലയ്ക്ക് അതിന്റെ പൂർവ്വ വിദ്യാർത്ഥികളിൽ നിന്ന് ലഭിച്ചുകൊണ്ടിരിക്കുന്ന പിന്തുണയും പ്രസക്തമാണ്.

ചെല്ലാനം തീരദേശ ഗ്രാമത്തിന്റെ പുനരുദ്ധാരണത്തിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ, ആദ്യത്തെ ഫിഷറീസ് 'അടൽ ഇൻകുബേഷൻ സെന്റർ', അത്യാധുനിക സൗകര്യങ്ങളുള്ള അക്വാട്ടിക് റഫറൽ ലാബ്, മത്സ്യത്തൊഴിലാളികളുടെ സാമൂഹിക-സാമ്പത്തിക ഉന്നമനത്തിനായി പണ്ഡിറ്റ് കറുപ്പൻ ചെയറിന്റെ രൂപീകരണം, ക്യാമ്പസിനെ കാർബൺ ന്യൂട്രൽ ആക്കാനുള്ള ശ്രമങ്ങൾ എന്നിവ കുഫോസ് സ്വീകരിച്ച ശ്രദ്ധേയമായ ഇടപെടലുകളിൽ ചിലതാണ്. ആർട്ടിക് പഠനങ്ങൾക്കായി ആഗോളതലത്തിൽ രൂപീകരിക്കപ്പെട്ടിരിക്കുന്ന യൂ-ആർട്ടിക് എന്ന പ്രധാനമായ കൂട്ടായ്മയിൽ കുഫോസിന് ലഭിച്ചിരിക്കുന്ന അംഗത്വം പ്രശംസനീയമാണ്.

കണ്ടൽ ഗവേഷണത്തിനും പഠനങ്ങൾക്കുമായി സർവ്വകലാശാല നടത്തിയിട്ടുള്ള ഇടപെടലുകൾ ഏറെ ചർച്ചചെയ്യപ്പെട്ടിട്ടുണ്ട്. പുതുവൈപ്പ് കേന്ദ്രീകരിച്ച് ആഗോള കണ്ടൽ ഗവേഷണ കേന്ദ്രം സ്ഥാപിക്കാനാണ് കുഫോസ് ഉദ്ദേശിക്കുന്നത്. കേരളത്തിന്റെ ഓരു ജലാശയങ്ങളിൽ വനാമി കൃഷി വിജയകരമായി നടത്താമെന്ന പരീക്ഷണങ്ങൾ നടത്തിയത് കുഫോസിലാണ്.

ഐഎസ്ആർഒ, ഡിപ്പാർട്ട്മെന്റ് ഓഫ് ബയോടെക്നോളജി, ഡിപ്പാർട്ട്മെന്റ് ഓഫ് സയൻസ് ആൻഡ് ടെക്നോളജി എന്നീ ദേശീയ ഏജൻസികളുമായി സർവ്വകലാശാലയ്ക്കുള്ള സഹകരണവും ആഗോള സ്ഥാപനങ്ങളുമായുള്ള ധാരണാപത്രങ്ങളും നാക് കമ്മിറ്റി പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. കുഫോസിന് ഭാവിയിൽ വികസനത്തിനുള്ള വലിയ സാധ്യതയുണ്ടെന്നും അടിസ്ഥാന സൗകര്യങ്ങളും ഡിജിറ്റൽ പഠന മാധ്യമങ്ങളും മെച്ചപ്പെടുത്തുന്നതിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ടെന്നും കമ്മിറ്റി അഭിപ്രായപ്പെട്ടു. ലഭ്യമായ സാധ്യതകൾ ഉപയോഗിച്ച് ഗവേഷണത്തിലും സാങ്കേതിക വിദ്യകൾ വികസിപ്പിക്കുന്നതിലും കുഫോസിനു ഗണ്യമായ സംഭാവനകൾ നൽകാൻ സാധിക്കും.

തൊഴിൽ ക്ഷമത വർദ്ധിപ്പിക്കുന്നതിനായി അക്വാകൾച്ചർ, സമുദ്ര സാങ്കേതികവിദ്യ എന്നീ മേഖലകളിൽ ശക്തമായ വ്യവസായ-അക്കാദമിക ബന്ധം ഉണ്ടാകേണ്ടത് അത്യന്താപേക്ഷിതാണ്. നമ്മുടെ നിരവധി പൂർവ്വ വിദ്യാർത്ഥികൾ ഇതിനോടകം തന്നെ സ്വയം സംരംഭകരായും തൊഴിൽ ദാതാക്കളായും ഉയർന്നുവന്നിട്ടുണ്ട്.

നാക് കമ്മിറ്റിയുടെ ശുപാർശ പ്രകാരം ആഗോള സ്ഥാപനങ്ങളുമായി സഹകരിച്ച് സംയോജിത യുജി-പിജി പ്രോഗ്രാമുകൾ ആരംഭിക്കുക, മെന്റർഷിപ്പിനും ധനസഹായത്തിനുമായി പൂർവ്വ വിദ്യാർത്ഥികളുടെ (ദേശീയ/അന്തർദേശീയ) വർദ്ധിപ്പിക്കുക, ഐപിആർ സെല്ലും കൺസൾട്ടൻസി ഇടപെടൽ സെല്ലും ശക്തമാക്കുക, എം എസ് എം ഇ സംരംഭക ലാബുകൾ സ്ഥാപിക്കുക, ഇന്റേൺഷിപ്പുകളും മറ്റു പ്രോജക്ടുകളും ഉപയോഗിച്ച് വ്യവസായ സ്ഥാപന ബന്ധങ്ങൾ ശക്തിപ്പെടുത്തുക എന്നിവ ഉൾപ്പെടെ ഹ്രസ്വകാല, ദീർഘകാല ലക്ഷ്യങ്ങൾ കുഫോസ് നിശ്ചയിച്ചിട്ടുണ്ട്.

കുഫോസിനെ മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിനു വേണ്ടി ബ്ലൂ ഇക്കോണമി ആൻഡ് മറൈൻ ഇന്നോവേഷൻ സെന്റർ ആരംഭിക്കുവാനും കുഫോസിനെ ഒരു വിജ്ഞാന കേന്ദ്രമായി ഉയർത്തുവാനും നാക് ടീം നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി ബൃഹത്തായ ഒരു പദ്ധതിയാണ് കുഫോസിനായി കേരളസർക്കാർ യൂറോപ്യൻ യൂണിയന് സമർപ്പിക്കുന്നത്.

കഴിഞ്ഞ കുറച്ച് വർഷങ്ങളിലായി വേമ്പനാട് കായൽ ആവാസ വ്യവസ്ഥയുടെ പുനരുജ്ജീവനത്തിലും അതുവഴി ഈ അമൂല്യ ജലാശയത്തിന്റെ മത്സ്യബന്ധന സാധ്യതയിലും കുഫോസ് പ്രത്യേക ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഇക്കാര്യത്തിൽ സമഗ്രമായ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുവാനും കേരള സർക്കാരിന് സമർപ്പിക്കുവാനും സർവ്വകലാശാലയ്ക്ക് സാധിച്ചു. അതുപോലെതന്നെ 'ഗ്രാമ ദത്തെടുക്കൽ' പരിപാടി, 'കരിമീൻ ഗ്രാമം', കോവിഡ് മഹാമാരിയുടെ സമയത്ത് ബയോഫ്ളോക്ക് സാങ്കേതികവിദ്യ ഉപയോഗിച്ച് തൊഴിലില്ലാത്ത പ്രവാസികളുടെ പുനരധിവാസം തുടങ്ങിയ നിരവധി പദ്ധതികൾക്ക് കുഫോസ് നേതൃത്വം നൽകുന്നുണ്ട്.

നാക് എഗ്രേഡ് ലഭിച്ചതോടെ പിഎം-ഉഷ ഉൾപ്പെടെയുള്ള കേന്ദ്ര സർക്കാർ ഫണ്ടുകൾ പ്രയോജനപ്പെടുത്താൻ പ്രാപ്തമാകുന്ന ഒരു ബ്രാൻഡിംഗ് അധികപ്രാപ്തമാകുന്ന കെട്ടിപ്പടുക്കുന്നതിനാണ് കുഫോസ് ഇനി ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. കുഫോസ് ഇനി അടിസ്ഥാന സൗകര്യ വികസനം, അതിന്റെ പരിപാടികളുടെ വൈവിധ്യവൽക്കരണം, സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലേക്കുള്ള അതിന്റെ വ്യാപ്തി വർദ്ധിപ്പിക്കൽ, മൾട്ടി ഡിസിപ്ലിനറി ഗവേഷണത്തിലും നവീകരണത്തിനുമുള്ള ഒരു നോഡൽ കേന്ദ്രമായി അതിനെ മാറ്റൽ എന്നിവയിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കും. ഇൻകുബേഷൻ സെന്ററുകൾ, സ്റ്റാർട്ടപ്പ് മെന്ററിംഗ്, ഐപി സംരക്ഷണം എന്നിവയിലൂടെ പ്രത്യേകിച്ച് മറൈൻ ബയോടെക്നോളജി, അക്വാകൾച്ചർ, ഭക്ഷ്യസംസ്കരണം, കാലാവസ്ഥാവ്യതിയാനം എന്നിവ ഉൾപ്പെടുത്തികൊണ്ട് ഇന്നോവേഷൻ ആവാസവ്യവസ്ഥ ശക്തിപ്പെടുത്തും.

മത്സ്യബന്ധനത്തിനും സമുദ്രശാസ്ത്രത്തിനും മാത്രമായി സമർപ്പിച്ചിരിക്കുന്ന രാജ്യത്തെ ആദ്യത്തെ സർവ്വകലാശാല എന്ന നിലയിൽ നാക് അംഗീകാരം അക്കാദമിക് നിലവാരം, സുതാര്യത, സാമൂഹിക ഉത്തരവാദിത്തം എന്നിവയോടുള്ള സർവകലാശാലയുടെ പ്രതിബദ്ധതയെ സ്ഥിരീകരിക്കുന്നു. മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കായി 20 ശതമാനം സീറ്റുകൾ സംവരണം ചെയ്യുന്ന രാജ്യത്തെ ഏക സർവ്വകലാശാല കൂടിയാണിത് എന്നത് കുഫോസിന്റെ സാമൂഹിക ഉത്തരവാദിത്തത്തെ എടുത്തു കാണിക്കുന്നു.

ആഗോളതലത്തിൽ മത്സ്യബന്ധനത്തിന്റെയും സമുദ്രവിഭവങ്ങളുടെയും സംരക്ഷണം, സുസ്ഥിര ഉപയോഗം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി കുഫോസ് ഒരു ഇന്റർനാഷണൽ സൊസൈറ്റി ഫോർ ഫിഷറീസ് ആന്റ് ഓഷ്യൻ സയൻസ് സ്ഥാപിച്ചിട്ടുണ്ട്. ഈ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ കുഫോസ് ഒരു പിയർ റിവ്യൂഡ് ഗവേഷണ പ്രസിദ്ധീകരണമായ 'ജേണൽ ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സയൻസ്' പുറത്തിറക്കുന്നുണ്ട്.

കേരളത്തിലുടനീളം നടപ്പിലാക്കി വരുന്ന പട്ടികജാതി, പട്ടികവർഗ ശാക്തീകരണ പരിപാടി സമൂഹത്തിലെ പിന്നാക്ക വിഭാഗത്തിന്റെ ഉന്നമനത്തിനായി ലക്ഷ്യമിട്ടുള്ള കുഫോസിന്റെ മറ്റൊരു നാഴികകല്ലായ സംരംഭമാണ്.

സമൂഹത്തിലെ വിശാലമായ ഒരു വിഭാഗത്തിലേക്ക് എത്തിച്ചേരുന്നതിനായി മത്സ്യത്തൊഴിലാളികൾ, മത്സ്യകർഷകർ, മത്സ്യബന്ധന മേഖലയിലെ മറ്റ് പങ്കാളികൾ എന്നിവർക്ക് മത്സ്യമേഖലയിലെ നൂതനാശയങ്ങൾ പങ്കുവെയ്ക്കുവാൻ ലക്ഷ്യമിട്ട് നീരദം എന്ന മാസിക സർവകലാശാല ആരംഭിച്ചു.

ഇൻഡോ-നോർവീജിയൻ അക്കാദമിക് എക്സ്ചേഞ്ച് പ്രോഗ്രാമിന് കീഴിൽ നോർവേയിലെ വിവിധ സർവ്വകലാശാലകൾ/ സ്ഥാപനങ്ങളുമായി ഫാക്കൽറ്റി, സ്റ്റുഡന്റ് എക്സ്ചേഞ്ച് പ്രോഗ്രാമും സർവ്വകലാശാല ആരംഭിച്ചിട്ടുണ്ട്. നിലവിൽ, നോർവേയിൽ മൂന്ന് മാസത്തേക്ക് 9 വിദ്യാർത്ഥികളും 2 ഫാക്കൽറ്റികളും പരിശീലനം നേടുന്നുണ്ട്.

അക്കാദമിക വിഷയങ്ങൾ വിശാലമാക്കുക, ഇന്റർ ഡിസിപ്ലിനറി ഗവേഷണം വർദ്ധിപ്പിക്കുക, ആഗോള അക്കാദമിക, ഗവേഷണ പങ്കാളിത്തങ്ങൾ വികസിപ്പിക്കുക, സാമൂഹിക ഇടപെടൽ ശക്തിപ്പെടുത്തുക, ലോകോത്തര അടിസ്ഥാന സൗകര്യങ്ങളും ഡിജിറ്റൽ ശേഷിയും കെട്ടിപ്പടുക്കുക, ഇന്ത്യയുടെ ബ്ലൂ ഇക്കോണമിയുമായി ബന്ധപ്പെട്ട ഒരു ചിന്താ കേന്ദ്രമായി കുഫോസിനെ വളർത്തിയെടുക്കുക എന്നിവയിലൂടെ കുഫോസിനെ ഒരു ലോകോത്തര വിദ്യാഭ്യാസ ഗവേഷണ സ്ഥാപനമായി മാറ്റുക എന്നതാണ് സർക്കാർ നയം.

തീരദേശ ജില്ലകളിലെ മത്സ്യത്തൊഴിലാളി പരിശീലന കേന്ദ്രങ്ങളും നൈപുണ്യ വികസന കേന്ദ്രങ്ങളും വികസിപ്പിക്കുക, സമുദ്ര സംരക്ഷണത്തിനും ദുരന്ത പ്രതിരോധത്തിനും സംസ്ഥാന കേന്ദ്രസർക്കാരുമായി സഹകരിക്കുക, സ്ത്രീകൾ, യുവാക്കൾ, പാർശ്വവൽക്കരിക്കപ്പെട്ട സമൂഹങ്ങൾ എന്നിവരെ കേന്ദ്രീകരിച്ചുള്ള 'എല്ലാവർക്കും മത്സ്യം' എന്ന പേരിൽ ഔട്ട് റീച്ച് പ്രോഗ്രാമുകൾ ആരംഭിക്കുക, തുടങ്ങിയ സുസ്ഥിരവികസനപ്രവർത്തനങ്ങൾ വഴി കേരള സമൂഹത്തിന് കരുത്തുറ്റ ഒരു മുതൽകൂട്ട് ആകുകയാണ് ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു.

# കേരളത്തിലെ ആദ്യത്തെ സൈബർ സുരക്ഷ എഐ സാസ് പ്രൊഡക്ട് സ്റ്റാർട്ടപ്പ് ടെക്നോപാർക്കിൽ പ്രവർത്തനം വിപുലീകരിച്ചു

തിരുവനന്തപുരം: കേരളത്തിലെ ആദ്യത്തെ സൈബർ സുരക്ഷ സാസ് (സോഫ്റ്റ് വെയർ ആസ് എ സർവീസ്) പ്രൊഡക്ട് സ്റ്റാർട്ടപ്പായ ബീഗിൾ സെക്യൂരിറ്റി ടെക്നോപാർക്കിൽ പ്രവർത്തനം വിപുലീകരിച്ചു. സ്റ്റാർട്ടപ്പിൻറെ അഞ്ചാം വാർഷികത്തോടനുബന്ധിച്ചാണ് പ്രവർത്തനം വിപുലീകരിക്കുന്നത്. ടെക്നോപാർക്ക് ഫേസ് 3 ലെ യമുന ബിൽഡിംഗിലാണ് ബീഗിൾ സെക്യൂരിറ്റിയുടെ പുതിയ ഓഫീസ്.



3: ടെക്നോപാർക്കിൽ ബീഗിൾ സെക്യൂരിറ്റിയുടെ പുതിയ ഓഫീസിൻറെ ഉദ്ഘാടന ചടങ്ങിൽ വിജിലൻസ് ആൻഡ് ആൻറി-കറപ്ഷൻ ബ്യൂറോ ഡയറക്ടറും ഡിജിപിയുമായ മനോജ് എബ്രഹാം, ടെക്നോപാർക്ക് സിഇഒ കേണൽ സഞ്ജീവ് നായർ (റിട്ട.), ടാറ്റ എൽക്സി സെൻറർ ഹെഡും ജിടെക് സെക്രട്ടറിയുമായ ശ്രീകുമാർ വി എന്നിവർ ബീഗിൾ സെക്യൂരിറ്റി സ്ഥാപകർക്കും ജീവനക്കാർക്കുമൊപ്പം.

വിജിലൻസ് ആൻഡ് ആൻറി-കറപ്ഷൻ ബ്യൂറോ ഡയറക്ടറും ഡിജിപിയുമായ മനോജ് എബ്രഹാം, ടെക്നോപാർക്ക് സിഇഒ കേണൽ സഞ്ജീവ് നായർ (റിട്ട.), ടാറ്റ എൽക്സി സെൻറർ ഹെഡും ജിടെക് സെക്രട്ടറിയുമായ ശ്രീകുമാർ വി, ടെക്നോപാർക്ക് ഡെപ്യൂട്ടി ജനറൽ മാനേജർ (മാർക്കറ്റിംഗ് ആൻഡ് കസ്റ്റമർ റിലേഷൻഷിപ്പ്) വസന്ത് വരദ എന്നിവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു.

സംസ്ഥാനത്തെ സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിലും ഭാവിയിലേക്കുള്ള പരിഹാരങ്ങൾ വികസിപ്പിക്കുന്നതിലും സൈബർ സുരക്ഷാ സ്റ്റാർട്ടപ്പുകൾ നിർണായക പങ്ക് വഹിക്കുന്നുണ്ടെന്ന് മനോജ് എബ്രഹാം പറഞ്ഞു. ഡാർക്ക് വെബ് വിശകലനം ചെയ്യുന്നതിനുള്ള പരിഹാരങ്ങൾ വികസിപ്പിക്കുന്നതിൽ പോലീസ് വകുപ്പിൻറെ സ്ഥിരം പങ്കാളിയാണ് ബീഗിൾ സെക്യൂരിറ്റി. സൈബർ കുറ്റകൃത്യങ്ങൾ വർധിച്ചുവരുന്ന വേളയിൽ ബീഗിൾ പോലുള്ള കമ്പനികൾ പോലീസിനൊപ്പം സഹകരിച്ച് പ്രവർത്തിക്കുന്നത് വലിയ ഗുണം ചെയ്യുമെന്നും അദ്ദേഹം വ്യക്തമാക്കി.

സൈബർ ആക്രമണ സാധ്യത കുറയ്ക്കുന്നത് ഏറെ പ്രാധാന്യമുള്ള പ്രവർത്തനമാണെന്ന് കേണൽ സഞ്ജീവ് നായർ (റിട്ട.) പറഞ്ഞു. ഓപ്പറേഷൻ സിന്ദൂറിൻറെ സമയത്ത് എതിരാളികളിൽ നിന്നുള്ള സൈബർ ആക്രമണങ്ങൾക്കെതിരെ ഫലപ്രദമായ സുരക്ഷ ഉറപ്പാക്കിയിരുന്നു. അതിനാൽ ബീഗിൾ സെക്യൂരിറ്റി പോലുള്ള സൈബർ സുരക്ഷാ സ്ഥാപനങ്ങൾക്ക് വിവിധ മേഖലകളിൽ നിരവധി അവസരങ്ങളുണ്ട്. ടെക്നോപാർക്കിലെ ബീഗിൾ സെക്യൂരിറ്റി, പ്രൊഫേസ് തുടങ്ങിയ കമ്പനികൾ സൈബർ സുരക്ഷാ മേഖലയിൽ പ്രാധാന്യം നേടുകയും രാജ്യത്തെ കൂടുതൽ ശക്തമാക്കുന്നതിൽ പങ്ക് വഹിക്കുകയും ചെയ്യുന്നത് അഭിമാനകരമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

2020 ൽ ആരംഭിച്ച സ്റ്റാർട്ടപ്പിന് സൈബർ സുരക്ഷയിൽ ഇതിനോടകം വിശ്വസനീയമായ ഇടം നേടാൻ കഴിഞ്ഞിട്ടുണ്ട്. ബീഗിൾ സെക്യൂരിറ്റിയുടെ എഐ പവേർഡ് ഓട്ടോമേറ്റഡ് പെനട്രേഷൻ ടെസ്റ്റിംഗ് പ്ലാറ്റ്ഫോം പൂർണമായും കേരളത്തിൽ വികസിപ്പിച്ചതാണ്. മുമ്പ് സമഗ്രമായ സൈബർ സുരക്ഷാ നടപടികൾ താങ്ങാൻ കഴിയാതിരുന്ന സ്ഥാപനങ്ങൾക്ക് എൻറർപ്രൈസ്-ഗ്രേഡ് പരിരക്ഷ പ്രാപ്യമാക്കാൻ ഈ പ്ലാറ്റ്ഫോമിലൂടെ സാധിച്ചു.

ഡിജിറ്റൽ പ്രവർത്തനങ്ങളിൽ സൈബർ സുരക്ഷ കൂടുതൽ പ്രാപ്യവും വിപുലീകരിക്കാവുന്നതുമാക്കി മാറ്റുന്നതിൽ ബീഗിൾ സെക്യൂരിറ്റി പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. ടെക്നോപാർക്ക് ആസ്ഥാനമായ സ്റ്റാർട്ടപ്പിന് 144 രാജ്യങ്ങളിലായി 1800-ലധികം ഉപഭോക്താക്കളുണ്ട്.ആഗോള സൈബർ സുരക്ഷാ ആശങ്കകൾ വർധിക്കുന്ന സാഹചര്യത്തിലാണ് ബീഗിൾ സെക്യൂരിറ്റി പ്രവർത്തനം വിപുലീകരിക്കുന്നത്. വിവിധ മേഖലകളിലായി ബിസിനസുകളെ ലക്ഷ്യം വച്ചുള്ള എപിഐ അധിഷ്ഠിത ആക്രമണങ്ങളിൽ 300 ശതമാനം വർധനവ് കാണിക്കുന്നു. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ മാത്രം 42,000-ത്തിലധികം പ്രധാന സൈബർ ആക്രമണങ്ങൾ ബീഗിൾ സെക്യൂരിറ്റിയുടെ സാങ്കേതികവിദ്യ തിരിച്ചറിഞ്ഞിട്ടുണ്ട്. അവ കണ്ടെത്താതിരുന്നാൽ വലിയ ഡാറ്റാ ലംഘനങ്ങൾക്ക് കാരണമാകുമായിരുന്നുവെന്ന് ബീഗിൾ സെക്യൂരിറ്റിയുടെ സുരക്ഷാ ഗവേഷണ സംഘം പറയുന്നു.

പരമ്പരാഗത രീതികളെ അപേക്ഷിച്ച് ബീഗിൾ സെക്യൂരിറ്റിയുടെ എഐ എഞ്ചിൻ സൈബർ സുരക്ഷാ പരിശോധന സമയം 75 ശതമാനം വരെ കുറയ്ക്കുകയും സങ്കീർണമായ ഭീഷണികൾ കണ്ടെത്തുന്നതിനുള്ള നിരക്ക് 67 ശതമാനം വർധിപ്പിക്കുകയും ചെയ്തു. ലോകമെമ്പാടുമുള്ള സൈബർ സുരക്ഷാ പ്രൊഫഷണലുകളുടെ കുറവ് ഇത് സൂചിപ്പിക്കുന്നു. 3.5 ദശലക്ഷത്തിലധികം ഒഴിവുകൾ ഉണ്ടെന്നാണ് കണക്കാക്കുന്നത്.

സൈബർ സുരക്ഷ എളുപ്പത്തിൽ ഉപയോഗിക്കാവുന്നതും തുടർച്ചയുള്ളതുമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് സ്റ്റാർട്ടപ്പ് ആരംഭിച്ചതെന്ന് ബീഗിൾ സെക്യൂരിറ്റി സഹസ്ഥാപകനും സിഇഒയുമായ റെജാറെഹിം പറഞ്ഞു. സ്ഥാപനത്തിൻറെ വിപുലീകരണം നവീകരണത്തിനും ആഗോള തലത്തിലെ സ്വാധീനത്തിനുമുള്ള ദീർഘകാല കാഴ്ചപ്പാടിനെ കാണിക്കുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സർക്കാർ, പൊതുമേഖല, സ്വകാര്യ സ്ഥാപനങ്ങൾ ഉൾപ്പെടെ നിരവധി ഉപഭോക്താക്കൾക്ക് സൈബർ സുരക്ഷാ ഓഡിറ്റും ഉപദേശ സേവനങ്ങളും ബീഗിൾ സെക്യൂരിറ്റി നൽകിവരുന്നു.

## നാഷണൽ ഹെറാൾഡ് കേസിൽ രേവന്ത് റെഡ്ഡിയും ഡി. കെ. ശിവകുമാറും അന്വേഷണ പരിധിയിൽ

ന്യൂഡൽഹി: നാഷണൽ ഹെറാൾഡ് കേസിൽ തെലുങ്കാന മുഖ്യമന്ത്രി രേവന്ത് റെഡ്ഡിയും കർണാടക ഉപമുഖ്യമന്ത്രി ഡി. കെ. ശിവകുമാറും ഇഡിയുടെ അന്വേഷണ പരിധിയിൽ. ഇരുവരും യംഗ് ഇന്ത്യാ ലിമിറ്റഡിന് തുക നൽകിയെന്നാണ് ഇഡിയുടെ കണ്ടെത്തൽ. ശിവകുമാർ 25 ലക്ഷം രൂപ നേരിട്ടും രണ്ട് കോടി ട്രസ്റ്റ് വഴിയും നൽകി. രേവന്ത് റെഡ്ഡി നിരവധി ആളുകളോട് യംഗ് ഇന്ത്യയ്ക്ക് സംഭാവന നൽകാൻ ആവശ്യപ്പെട്ടു. 80 ലക്ഷം രൂപ രേവന്ത് റെഡ്ഡി വഴി യംഗ് ഇന്ത്യാ ലിമിറ്റഡിലെത്തിയെന്നാണ് ഇഡിയുടെ കണ്ടെത്തൽ. ഈ തുകകൾ 2022-ൽ യംഗ് ഇന്ത്യാ ലിമിറ്റഡിന്റെ അക്കൗണ്ടിലെത്തിയെന്നാണ് ഇഡി പറയുന്നത്. തുക എങ്ങനെ ചെലവാക്കിയെന്നതിൽ വ്യക്തത ഇല്ലെന്നും ഇഡി പറയുന്നു.

## 'വെള്ളം തടഞ്ഞാൽ ഇന്ത്യയെ ശ്വാസം മുട്ടിക്കും': ഭീഷണിയുമായി പാക് സൈനിക വക്താവ്

ന്യൂഡൽഹി: സിന്ധു നദീജല കരാർ റദ്ദാക്കിയ വിഷയത്തിൽ ഇന്ത്യക്കെതിരേ വീണ്ടും ഭീഷണിയുമായി പാക്കിസ്ഥാൻ സൈന്യം. പാക്കിസ്ഥാന്റെ വെള്ളം തടഞ്ഞാൽ ഇന്ത്യയുടെ ശ്വാസം മുട്ടിക്കുമെന്നാണ് പാക് സൈനിക വക്താവ് ലഫ്. ജനറൽ അഹമ്മദ് ഷരീഫ് ചൗധരിയുടെ മുന്നറിയിപ്പ്. പാക്കിസ്ഥാനിലെ ഒരു സർവകലാശാലയിൽ നടത്തിയ പ്രസംഗത്തിനിടെയായിരുന്നു അഹമ്മദ് ഷെരീഫ് ചൗധരിയുടെ പ്രസ്താവന എന്നാണ് റിപ്പോർട്ട്. പ്രസംഗത്തിന്റെ വീഡിയോയും സമൂഹമാധ്യമങ്ങളിൽ പ്രചരിക്കുന്നുണ്ട്. അതേസമയം, ഏതാനും വർഷങ്ങൾക്ക് മുമ്പ് ലഷ്കർ-ഇ-ത്വയ്ബ സ്ഥാപകൻ ഹാഫിസ് സയീദ് ഇതേ വാക്കുകൾ പറഞ്ഞതായി ചൂണ്ടിക്കാണിച്ചു കൊണ്ടുള്ള പോസ്റ്റുകളും സമൂഹമാധ്യമങ്ങളിൽ പങ്കുവയ്ക്കുന്നുണ്ട്. 'നിങ്ങൾ വെള്ളം തടഞ്ഞാൽ, നിങ്ങളുടെ ശ്വാസം മുട്ടിക്കും, അപ്പോൾ നദികളിലൂടെ രക്തം ഒഴുകും' എന്നായിരുന്നു ഹാഫിസ് സയീദിന്റെ ഭീഷണി.

## ലോകായുക്ത സിറ്റിങ്

കേരള ലോകായുക്തയുടെ ഡിവിഷൻ ബെഞ്ച് സിറ്റിങ് 29 നും സിംഗിൾ ബെഞ്ച് സിറ്റിങ് 30 നും കോഴിക്കോട് വച്ച് നടക്കും.

## പാക്കിസ്ഥാനുവേണ്ടി ചാരവൃത്തി നടത്തിയ യുവാവ് അറസ്റ്റിൽ

ന്യൂഡൽഹി: പാക്കിസ്ഥാനുവേണ്ടി ചാരവൃത്തി നടത്തിയ ഒരു യുവാവ് കൂടി പോലീസ് പിടിയിൽ. ഉത്തർപ്രദേശ് വാരണാസിയിൽ താമസിക്കുന്ന മഖ്സൂദ് ആലമിന്റെ മകൻ തുഫൈൽ ആണ് പിടിയിലായത്.

ജയ്ത്പുര ജില്ലയിലെ ദോഷിപുര സ്വദേശിയാണ് തുഫൈൽ. ഇയാളുടെ മൊബൈൽ ഫോണും സിം കാർഡുകളും പിടിച്ചെടുത്തിട്ടുണ്ട്. പാക് ഭീകരസംഘടനയായ തെഹ്രീക് ഇ ലബ്ബൈക്കിന്റെ തലവനായ മൗലാന ഷാദ് റിസ്‌വിയുടെ നിരവധി വീഡിയോ തുഫൈൽ വാട്ട്സ് ആപ്പ് ഗ്രൂപ്പുകളിൽ പങ്കുവച്ചതായി ആൻറി ടെററിസം സ്വാഡ് (എടിഎസ്) കണ്ടെത്തയിട്ടുണ്ട്.

രാജ്ഘട്ട്, നമോ ഘട്ട്, ഗ്യാൻവാപി, റെയിൽവേ സ്റ്റേഷൻ, ചെങ്കോട്ട എന്നി സ്ഥലങ്ങളുടെ ചിത്രങ്ങൾ പാക്കിസ്ഥാൻ സ്വദേശികൾക്ക് അയച്ചു കൊടുത്തിട്ടുണ്ട്.

## ഒറ്റപ്പാലത്ത് പ്രഭാത നടത്തത്തിനിടെ തെരുവ് നായ ആക്രമണം; ഒരാളുടെ നില ഗുരുതരം

പാലക്കാട്: ഒറ്റപ്പാലം മായന്നൂരിൽ പ്രഭാത നടത്തത്തിനിടെ തെരുവ് നായയുടെ കടിയേറ്റയാളുടെ നില ഗുരുതരം. ഒറ്റപ്പാലം സ്വദേശി അബ്ദുൽ റഷീദിനാണ് ഗുരുതര പരിക്കേറ്റത്.

ഇയാളുടെ കഴുത്തിലും നെഞ്ചിലും രണ്ട് കൈകളിലും കാലിലും കടിയേറ്റിട്ടുണ്ട്. നിലവിൽ ഇയാൾ തൃശൂർ മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലാണ്.

ഇന്ന് രാവിലെയാണ് സംഭവം. മായന്നൂർ പാലത്തിനു മുകളിൽ നടക്കാൻ ഇങ്ങിയ ആറ് പേരെയാണ് തെരുവ് നായ ആക്രമിച്ചത്. ഇവരെ ആദ്യം സമീപത്തെ താലൂക്ക് ആശുപത്രിയിലാണ് പ്രവേശിപ്പിച്ചത്. റഷീദിനെ പിന്നീട് മെഡിക്കൽ കോളജിലേക്ക് മാറ്റുകയായിരുന്നു.

# കേരളത്തിൽ അതിതീവ്ര മഴയ്ക്ക് സാധ്യത: റെഡ്, ഓറഞ്ച് അലർട്ടുകൾ പ്രഖ്യാപിച്ചു

കേരളത്തിൽ അടുത്ത അഞ്ച് ദിവസം അതിതീവ്ര മഴയ്ക്ക് സാധ്യതയുള്ളതിനാൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് സംസ്ഥാനത്തെ വിവിധ ജില്ലകളിൽ റെഡ്, ഓറഞ്ച് അലർട്ടുകൾ പ്രഖ്യാപിച്ചു. 24 മണിക്കൂറിനുള്ളിൽ 204.4 മില്ലിമീറ്ററിൽ കൂടുതൽ മഴ ലഭിക്കുമെന്നാണ് റെഡ് അലർട്ട് സൂചിപ്പിക്കുന്നത്.

ഓറഞ്ച് അലർട്ട് പ്രദേശങ്ങളിൽ 115.6 മുതൽ 204.4 മില്ലിമീറ്റർ വരെ മഴ പ്രതീക്ഷിക്കുന്നു. മലവെള്ളപ്പാച്ചിൽ, മിന്നൽ പ്രളയം, മണ്ണിടിച്ചിൽ, വെള്ളക്കെട്ട് തുടങ്ങിയ അപകടങ്ങൾക്ക് ഈ മഴ കാരണമായേക്കാമെന്ന് അധികൃതർ മുന്നറിയിപ്പ് നൽകി.മേയ് 24ന് കണ്ണൂർ, കാസറഗോഡ് ജില്ലകളിലും, മേയ് 25ന് മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിലും, മേയ് 26ന് പത്തനംതിട്ട, ഇടുക്കി, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിലും റെഡ് അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്.

ഓറഞ്ച് അലർട്ട് മേയ് 23ന് തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിലും, മേയ് 24ന് പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിലും പ്രഖ്യാപിച്ചു. മേയ് 25ന് പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മേയ് 26ന് കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മേയ് 27ന് പത്തനംതിട്ട, ഇടുക്കി, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിലും ഓറഞ്ച് അലർട്ട് നിലനിൽക്കും.അതിതീവ്ര മഴ മൂലം മലയോര മേഖലകളിൽ മണ്ണിടിച്ചിലും ഉരുൾപൊട്ടലും ഉണ്ടാകാനുള്ള സാധ്യത കണക്കിലെടുത്ത്, ഈ പ്രദേശങ്ങളിലെ ജനങ്ങൾ സുരക്ഷിത സ്ഥലങ്ങളിലേക്ക് മാറണമെന്ന് അധികൃതർ നിർദേശിച്ചു. താഴ്ന്ന പ്രദേശങ്ങളിൽ വെള്ളക്കെട്ട് ഉണ്ടാകാമെന്നതിനാൽ, ഈ മേഖലകളിലുള്ളവർ ക്യാമ്പുകളിലേക്ക് മാറാൻ തയ്യാറാവണം. ശക്തമായ കാറ്റിന് സാധ്യതയുള്ളതിനാൽ, അടച്ചുറപ്പില്ലാത്ത വീടുകളിൽ താമസിക്കുന്നവർ പ്രത്യേക ജാഗ്രത പാലിക്കണം.

അപകടകരമായ മരങ്ങൾ, ബോർഡുകൾ, മതിലുകൾ എന്നിവ സുരക്ഷിതമാക്കാനും അധികൃതരെ വിവരമറിയിക്കാനും നിർദേശമുണ്ട്. നദികൾ മുറിച്ചുകടക്കുക, കുളിക്കുക, മീൻപിടിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ പൂർണമായും ഒഴിവാക്കണം. അനാവശ്യ യാത്രകൾ, പ്രത്യേകിച്ച് വെള്ളച്ചാട്ടങ്ങളിലേക്കും മലയോര മേഖലകളിലേക്കുമുള്ള വിനോദ സഞ്ചാരം, മഴ മുന്നറിയിപ്പ് മാറുന്നതുവരെ നിർത്തിവയ്ക്കണം. ജലാശയങ്ങളോട് ചേർന്ന റോഡുകളിലൂടെയുള്ള യാത്രകളിലും അറ്റകുറ്റപ്പണികൾ നടക്കുന്ന റോഡുകളിലും ജാഗ്രത വേണം. തീരപ്രദേശങ്ങളിൽ കടലാക്രമണ സാധ്യതയുള്ളതിനാൽ, മത്സ്യബന്ധനോപാധികൾ സുരക്ഷിതമാക്കുകയും അപകട മേഖലകളിൽ താമസിക്കുന്നവർ മാറിത്താമസിക്കുകയും വേണം.

പൊതുജനങ്ങളും സർക്കാർ സംവിധാനങ്ങളും അതീവ ജാഗ്രത പുലർത്തണമെന്ന് കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഏത് അടിയന്തര സാഹചര്യത്തിലും അധികൃതരുമായി ബന്ധപ്പെടാൻ തയ്യാറാവണമെന്നും നിർദേശമുണ്ട്.

# കോവിഡ്, ജില്ലകൾ നിരീക്ഷണം ശക്തമാക്കണം: മന്ത്രി വീണാ ജോർജ്

ദക്ഷിണ പൂർവേഷ്യൻ രാജ്യങ്ങളിൽ കോവിഡ് കേസുകൾ വലിയ തോതിൽ റിപ്പോർട്ട് ചെയ്യുന്നതിനാൽ ജില്ലകൾ നിരീക്ഷണം ശക്തമാക്കണമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. എവിടെയെങ്കിലും കോവിഡ് കേസുകൾ വർധിക്കുന്നുണ്ടോയെന്ന് കണ്ടെത്തി അതനുസരിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കണം. ജില്ലകൾ കൃത്യമായി കോവിഡ് കേസുകൾ റിപ്പോർട്ട് ചെയ്യണമെന്നും മന്ത്രി നിർദേശം നൽകി. ജില്ലാ മെഡിക്കൽ ഓഫീസർമാരുടേയും ജില്ലാ സർവൈലൻസ് ഓഫീസർമാരുടേയും യോഗത്തിലാണ് മന്ത്രി നിർദേശം നൽകിയത്.

273 കോവിഡ് കേസുകളാണ് മേയ് മാസത്തിൽ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. കോട്ടയം ജില്ലയിൽ 82, തിരുവനന്തപുരം 73, എറണാകുളം 49, പത്തനംതിട്ട 30, തൃശൂർ 26 എന്നിങ്ങനെയാണ് ഈ മാസത്തിൽ ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

കോവിഡിന് സ്വയം പ്രതിരോധം പ്രധാനമാണ്. ജലദോഷം, തൊണ്ടവേദന, ചുമ, ശ്വാസതടസം തുടങ്ങിയ രോഗലക്ഷണങ്ങൾ ഉള്ളവർ നിർബന്ധമായും മാസ്ക് ധരിക്കണം. പ്രായമായവരും, ഗർഭിണികളും, ഗുരുതര രോഗമുള്ളവരും പൊതുയിടങ്ങളിലും യാത്രകളിലും മാസ്ക് ധരിക്കുന്നത് അഭികാമ്യമാണ്. ആശുപത്രികളിൽ മാസ്ക് നിർബന്ധമാണ്. ആരോഗ്യ പ്രവർത്തകർ മാസ്ക് നിർബന്ധമായും ധരിക്കണം. അനാവശ്യ ആശുപത്രി സന്ദർശനം ഒഴിവാക്കണം. ഇടയ്ക്കിടയ്ക്ക് സോപ്പ് ഉപയോഗിച്ച് കൈ കഴുകുന്നത് നല്ലത്.

പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കണം. കോളറ, മഞ്ഞപ്പിത്തം (ഹെപ്പറ്റൈറ്റിസ് എ) എന്നീ രോഗങ്ങൾക്കെതിരെ ജാഗ്രത പാലിക്കണം. കുടിവെള്ളം മലിനമാക്കുന്നവർക്കെതിരെ പൊതുജനാരോഗ്യ നിയമ പ്രകാരം നടപടി സ്വീകരിക്കണം. അവബോധം ശക്തമാക്കണം. ഹെപ്പറ്റൈറ്റിസ് എ ബാധിക്കുന്നവർ രോഗം പകരാൻ സാധ്യതയുള്ള കാലയളവിൽ ആരോഗ്യ പ്രവർത്തകരുടെ നിർദേശങ്ങൾ കൃത്യമായി പാലിക്കണം.

**പ്രതിരോധ മാർഗങ്ങൾ**

മഞ്ഞപ്പിത്തം ബാധിച്ചവർ ഭക്ഷണം പാകം ചെയ്യുമ്പോൾ രോഗം പടരാൻ സാധ്യതയുള്ളതിനാൽ അവർ ഭക്ഷണം പാകം ചെയ്യാൻ പാടില്ല.

മഞ്ഞപ്പിത്തം ബാധിച്ചവർ സ്വയം സൂക്ഷിക്കുകയും മറ്റുള്ളവരോട് സമ്പർക്കം പുലർത്താതിരിക്കുകയും ചെയ്യണം.

രോഗമുള്ളവർ ഭക്ഷണശാലകളിൽ ജോലിചെയ്യാൻ പാടില്ല.

രോഗി ഉപയോഗിച്ച വസ്ത്രങ്ങളും മറ്റ് വസ്തുക്കളും മറ്റുള്ളവരുമായി പങ്കിടരുത്. അവ ബ്ലീച്ചിംഗ് ലായനി പോലുള്ള അണുനാശിനി ഉപയോഗിച്ച് വൃത്തിയാക്കുക.

തിളപ്പിച്ചാറ്റിയ വെള്ളം മാത്രം കുടിക്കുക.

കുടിവെള്ളം മലിനമാകാതിരിക്കാൻ ശ്രദ്ധിക്കണം.

ഭക്ഷണം കഴിക്കുന്നതിന് മുമ്പും മലമൂത്ര വിസർജ്ജനത്തിന് ശേഷവും കൈകൾ സോപ്പുപയോഗിച്ച് കഴുകുക.

പ്രായമായവർ, ഗർഭിണികൾ, കുട്ടികൾ, മറ്റ് അനുബന്ധ രോഗങ്ങളുള്ളവർ വളരെ ശ്രദ്ധിക്കണം.

മഴക്കാലമായതിനാൽ ഡെങ്കിപ്പനി, എലിപ്പനി, ജലജന്യ രോഗങ്ങൾ എന്നിവ വർധിക്കാൻ സാധ്യതയുള്ളതിനാൽ വളരെ ശ്രദ്ധിക്കണം. തദ്ദേശ സ്ഥാപന തലത്തിൽ മൈക്രോ പ്ലാൻ തയ്യാറാക്കി ഫീൽഡ് തല പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തണം. ഹോട്ട് സ്പോട്ടുകൾ കണ്ടെത്തി പ്രവർത്തനങ്ങള്ഡ ഏകോപിപ്പിക്കണം. തദ്ദേശ സ്ഥാപന തലത്തിൽ ഉറവിട നശീകരണ പ്രവർത്തനങ്ങൾ കൃത്യമായി നടത്തുന്നുണ്ടെന്ന് ഉറപ്പാക്കണം. ക്ലസ്റ്റർ ഉണ്ടാകുന്നില്ല എന്നും ഉറപ്പാക്കണം. മരുന്ന് ലഭ്യത ഉറപ്പാക്കണം. വയറിളക്ക രോഗങ്ങൾക്കെതിരേയും ജാഗ്രത പുലർത്തണം.

എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ആരോഗ്യ വകുപ്പ് ഡയറക്ടർ, ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ, ജില്ലാ മെഡിക്കൽ ഓഫീസർമാർ, ജില്ലാ സർവൈലൻസ് ഓഫീസർമാർ തുടങ്ങിയവർ പങ്കെടുത്തു.




സംസ്ഥാന സർക്കാരിന്റെ നാലാം വാർഷികത്തിന്റെ ഭാഗമായി ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന ജില്ലാതല യോഗത്തിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുന്നു

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# ഗതാഗത കരാറുകാർക്ക് 50 കോടി രൂപയുടെ വിതരണം ആരംഭിച്ചു: റേഷൻ വിതരണത്തിൽ പ്രതിസന്ധിയില്ല

ഗതാഗത കരാറുകാർക്ക് കുടിശ്ശിക നൽകാനായി 50 കോടി രൂപ കൂടി സംസ്ഥാന സർക്കാർ അനുവദിച്ചതായും ഇന്ന് തന്നെ തുക വിതരണം പൂർത്തിയാക്കുമെന്നും ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി ജി.ആർ. അനിൽ അറിയിച്ചു. സംസ്ഥാനത്തെ റേഷൻ വിതരണത്തിൽ യാതൊരു പ്രതിസന്ധിയും ഇല്ല.

ഗതാഗത കരാറുകാരുടെ സമരം മൂലം സംസ്ഥാനത്ത് റേഷൻ വിതരണത്തിൽ പ്രതിസന്ധി നേരിട്ടതായി വന്നിട്ടുള്ള മാധ്യമ വാർത്തകൾ അടിസ്ഥാന രഹിതമാണെന്നും മന്ത്രി അറിയിച്ചു.സംസ്ഥാനത്ത് റേഷൻ വിതരണം സുഗമമായി നടന്നുവരുന്നു. ഈ മാസം ഇന്ന് (23/05/2025) ഉച്ചവരെ സംസ്ഥാനത്ത് 50,86,993 കുടുംബങ്ങൾ (49.31 ശതമാനം) റേഷൻ കൈപ്പറ്റി.

ഇന്ന് മാത്രം 1,28,449 ഉപഭോക്താക്കൾ റേഷൻ വിഹിതം കൈപ്പറ്റിയിട്ടുണ്ട്. 2025 മെയ് 20, 21, 22 തിയതികളിൽ യഥാക്രമം 309500, 309257, 299257 കുടുംബങ്ങൾ റേഷൻ വിഹിതം കൈപ്പറ്റിയിട്ടുണ്ട്.

സാധാരണഗതിയിൽ പ്രതിമാസം ശരാശരി 81 ശതമാനം ഗുണഭോക്താക്കളും റേഷൻ വിഹിതം കൈപ്പറ്റുന്നു. ഇതിൽ മുൻഗണനാ വിഭാഗത്തിൽപ്പെട്ട എ.എ.വൈ ഗുണഭോക്താക്കൾ 97 ശതമാനവും പി.എച്ച്.എച്ച്. ഗുണഭോക്താക്കൾ 94 ശതമാനവുമാണ് റേഷൻ കൈപ്പറ്റാറുള്ളത്. മാസത്തിന്റെ അവസാന ദിനങ്ങളിലാണ് കൂടുതലാളുകളും റേഷൻ കൈപ്പറ്റുക. കഴിഞ്ഞ മാസം 23-ാം തീയതി വരെ 49.2 ശതമാനം കുടുംബങ്ങളാണ് റേഷൻ വിഹിതം കൈപ്പറ്റിയിട്ടുള്ളത്. ഈ മാസവും അവസാന ദിനങ്ങളിൽ റേഷൻവിതരണം ശരാശരി നിരക്കിലേക്ക് എത്തിച്ചേരുമെന്ന് മന്ത്രി കൂട്ടിച്ചേർത്തു.

ഗതാഗത കരാറുകാർക്ക് നൽകേണ്ട പ്രതിഫലം ഒന്നോ രണ്ടോ മാസത്തെ കുടിശ്ശിക വരാറുണ്ട്. ഇതിനാവശ്യമായ തുക (50 കോടി രൂപ) ഇന്ന് അനുവദിക്കുകയും വിതരണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. റേഷൻകടകളിൽ ഒന്നര മാസത്തെക്കുള്ള സ്റ്റോക്ക് ഉള്ളതിനാൽ പണിമുടക്ക് സമരങ്ങൾ വിതരണത്തെ ബാധിക്കാറില്ല. പോർട്ടബിലിറ്റി സൗകര്യം ഉള്ളതിനാൽ ഏതു കടയിൽ നിന്നും ഉപഭോക്താക്കൾക്ക് റേഷൻ വിഹിതം കൈപ്പറ്റാൻ സാധിക്കും. നാളിതുവരെ ഈ രംഗത്ത് ഗൗരവമായ പ്രതിസന്ധി ഉണ്ടായിട്ടില്ല.

എന്നാൽ സംസ്ഥാനത്ത് റേഷൻ വിതരണം താറുമാറായി എന്ന രൂപത്തിലുള്ള തെറ്റായ പ്രചാരണം ജനങ്ങളിൽ ഭീതി പരത്തുവാൻ മാത്രമെ ഉപകരിക്കുകയുള്ളൂ. സംസ്ഥാന സർക്കാർ നാലുവർഷം പൂർത്തിയാക്കി അഞ്ചാം വർഷത്തിലേക്ക് കടന്നിരിക്കുന്ന സമയത്ത് ഇത്തരത്തിലുള്ള തെറ്റായ പ്രചരണങ്ങൾ ജനങ്ങൾ തിരിച്ചറിയണമെന്ന് മന്ത്രി അഭിപ്രായപ്പെട്ടു.



ആരോഗ്യ, കായിക രംഗത്തെ സഹകരണത്തിന്റെ ഭാഗമായി ക്യൂബ അംബാസഡർ ജുവാൻ കാർലോസ് മാർസൻ അഗ്യൂലേരയും ചീഫ് സെക്രട്ടറി ഡോ. എ. ജയതിലകും ധാരണാപത്രം കൈമാറുന്നു. മന്ത്രി വീണ ജോർജ് സമീപം

# കേരളം – ക്യൂബ സഹകരണം:ധാരണാപത്രം ഒപ്പിട്ടു

ആരോഗ്യ, കായിക രംഗത്തെ സഹകരണത്തിന്റെ ഭാഗമായി കേരളവും ക്യൂബയും ധാരണാപത്രം ഒപ്പിട്ടു. തിരുവനന്തപുരത്ത് 23 ന് നടന്ന ചർച്ചയിൽ ക്യൂബ അംബാസഡർ ജുവാൻ കാർലോസ് മാർസൻ അഗ്യൂലേരയും കായിക യുവജനകാര്യ ഡയറക്ടർ പി വിഷ്ണുരാജും ധാരണാപത്രം ഒപ്പുവച്ചു. ആരോഗ്യ വകുപ്പ് മന്ത്രി വീണ ജോർജിന്റെ സാന്നിധ്യത്തിൽ ക്യൂബ അംബാസഡറും ചീഫ് സെക്രട്ടറി ഡോ. എ. ജയതിലകും ധാരണാപത്രം കൈമാറി.ക്യൂബയുമായുള്ള സഹകരണത്തിന്റെ അടിസ്ഥാനത്തിൽ ബോക്സിംഗ് പരിശീലന ക്യാമ്പുകൾ, വോളിബോൾ സ്റ്റുഡന്റ് എക്സ്ചേഞ്ച് പരിപാടി, സ്പോർട്സ് അനലിറ്റിക്സ് വർക്ക്ഷോപ്പ്, ചെസ് എക്സ്പോഷർ ഫെസ്റ്റിവൽ എന്നിവ സംഘടിപ്പിക്കും.ക്യൂബൻ ബോക്സിംഗ് പരിശീലകരുടെ സേവനം കേരളത്തിൽ ലഭ്യമാക്കും. കോഴിക്കോട് ആരംഭിക്കുന്ന സ്പോർട്സ് സയൻസ് സെന്ററിന് സാങ്കേതിക സഹായവും നടപ്പാക്കും. കായിക പരിശീലനം, സ്പോർട്സ്, സയൻസ്, അക്കാദമിക് എക്സ്ചേഞ്ച് എന്നിവയുൾപ്പെടെ വിവിധ മേഖലകളിൽ ദീർഘകാല സഹകരണമാണ് ധാരണാപത്രത്തിലൂടെ ലക്ഷ്യമിടുന്നത്.

# ബലാത്സംഗക്കേസിൽ ജാമ്യം; റോഡിൽ ആഘോഷപ്രകടനവുമായി പ്രതികൾ

ബംഗളൂരു: യുവതിയെ കൂട്ടബലാത്സംഗം ചെയ്ത കേസിൽ ജാമ്യത്തിലിറങ്ങിയ പ്രതികൾ റോഡിൽ ആഘോഷപ്രകടനം നടത്തി. കർണാടകയിലെ ഹാവേരിയിലുള്ള അക്കി ആലൂർ പട്ടണത്തിലാണ് സംഭവം. നഗരത്തിലെ റോഡുകളിൽ നടന്ന ആഘോഷത്തിൽ ബൈക്കുകളുടെയും കാറുകളുടെയും സംഘം പ്രതികളെ അനുഗമിച്ചു. പുഞ്ചിരിച്ചും വിജയ ചിഹ്നങ്ങൾ കാണിച്ചും ആയിരുന്നു പ്രതികളുടെ ആഘോഷം.

16 മാസം മുൻപ് കർണാടകയിലെ ഹാവേരിയിലെ ഒരു ഹോട്ടലിൽ പങ്കാളിക്കൊപ്പം യുവതി മുറിയെടുത്തിരുന്നു. ഇവിടേക്ക് അതിക്രമിച്ചു കയറിയ ഒരു സംഘം ആളുകൾ അടുത്തുള്ള കാട്ടിലേക്ക് വലിച്ചിഴച്ച് കൊണ്ടുപോയി കൂട്ടബലാത്സംഗം ചെയ്തെന്നാണ് കേസ്. കേസിൽ കഴിഞ്ഞ ദിവസം ഏഴ് പേർക്ക് ഹാവേരി സെഷൻസ് കോടതി ജാമ്യം അനുവദിച്ചിരുന്നു. ഇതിന് പിന്നാലെയായിരുന്നു പ്രതികളുടെ ആഘോഷപ്രകടനം. നേരത്തേ പോലീസ് സ്റ്റേഷനിൽ നടന്ന തിരിച്ചറിയൽ പരേഡിൽ യുവതി പ്രതികളെ തിരിച്ചറിഞ്ഞിരുന്നു. എന്നാൽ കോടതിയിൽ നടന്ന നടപടിക്രമങ്ങൾക്കിടെ അതിജീവിതയ്ക്ക് പ്രതികളെ തിരിച്ചറിയാൻ സാധിച്ചില്ല. ഇതോടെ പ്രതികൾക്ക് ജാമ്യം ലഭിക്കുകയായിരുന്നു. കേസുമായി ബന്ധപ്പെട്ട് ആകെ 19 പേരെയാണ് പൊലീസ് അറസ്റ്റ് ചെയ്തത്. പ്രതികളിൽ പന്ത്രണ്ട് പേരെ 10 മാസം മുൻപ് ജാമ്യത്തിൽ വിട്ടയച്ചിരുന്നു.

## കോഴിക്കോട് തിരുവങ്ങൂരിലും ദേശീയപാതയിൽ വിള്ളൽ

കോഴിക്കോട്: ദേശീയപാതയിൽ തിരുവങ്ങൂരിലും വിള്ളൽ. തിരുവങ്ങൂർ മേൽപ്പാലത്തിലാണ് വിള്ളലുണ്ടായത്. 400 മീറ്റർ നീളത്തിൽ റോഡ് വിണ്ടുകീറി. നാട്ടുകാരാണ് വിള്ളൽ കണ്ടെത്തിയത്. വെള്ളിയാഴ്ച രാവിലെ വിള്ളൽ താൽക്കാലികമായി അടച്ചു. ടാർ ഒഴിച്ചാണ് വിള്ളൽ അടച്ചത്. ഇതിൽ ആശങ്കയുണ്ടെന്ന് നാട്ടുകാർ അറിയിച്ചു. വിള്ളലുണ്ടായ വിവരം നിർമ്മാണ കമ്പനിയായ വാഗാഡിനെ അറിയിച്ചെങ്കിലും ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്നാണ് നിർമാണ കമ്പനി നൽകിയ മറുപടി.

## എക്സിക്യൂട്ടീവ് എൻജിനീയർ നിയമനം

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ കരാർ അടിസ്ഥാനത്തിൽ എക്സിക്യൂട്ടീവ് എൻജിനീയറെ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. വിശദവിവരങ്ങൾക്ക് : www.kshb.kerala.gov.in

# കൈക്കൂലി കേസ്: തെളിവുകൾ ശക്തമാക്കി വിജിലൻസ്; ഇഡിക്ക് നോട്ടീസ്

കൊച്ചി: കേസ് അന്വേഷണം ഒഴിവാക്കാൻ കശുവണ്ടി വ്യവസായിയിൽനിന്നും കൈക്കൂലി ആവശ്യപ്പെട്ട കേസിൽ തെളിവുകൾ ശക്തമാക്കാനൊരുങ്ങി വിജിലൻസ്. ഇതിന്റെ ഭാഗമായി എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റിന് (ഇഡി) വിജിലൻസിന്റെ നോട്ടീസ് അയച്ചു.

വ്യവസായിക്ക് എതിരെയെടുത്ത കേസിന്റെ വിശദാംശങ്ങൾ, അന്വേഷണ പുരോഗതി, സമൻസ് വിവരങ്ങൾ, ചോദ്യംചെയ്ത ദിവസങ്ങൾ ഉൾപ്പെടെയുള്ള വിവരങ്ങൾ എന്നിവ കൈമാറാൻ ആവശ്യപ്പെട്ടാണ് വിജിലൻസ് നോട്ടീസ് നൽകിയത്.

ഇഡി അസിസ്റ്റൻറ് ഡയറക്ടർ ശേഖർകുമാറാണ് വിജിലൻസ് കേസിലെ ഒന്നാംപ്രതി. അഡീഷണൽ ഡയറക്ടർ വിനോദ്കുമാറും ഭീഷണിപ്പെടുത്തിയതായി പരാതിക്കാരൻ വെളിപ്പെടുത്തുകയും വിജിലൻസിന് മൊഴി നൽകുകയും ചെയ്തിരുന്നു. തെളിവുകൾ കൂടുതൽ ശക്തമാക്കാനാണ് ഇഡിയിൽനിന്ന് കേസ് ഫയലുകൾ ആവശ്യപ്പെട്ടത്.

പ്രതികൾക്ക് ജാമ്യം അതേസമയം, ഇഡി ഉദ്യോഗസ്ഥൻ പ്രതിയായ കൈക്കൂലിക്കേസിൽ മൂന്ന് പ്രതികൾക്കും മൂവാറ്റുപുഴ വിജിലൻസ് കോടതി ജാമ്യം അനുവദിച്ചു. കൈക്കൂലി റാക്കറ്റിലെ ഏജൻറ് വിൽസൺ വർഗീസ്, രാജസ്ഥാൻ സ്വദേശി മുകേഷ് കുമാർ, ചാർട്ടേഡ് അക്കൗണ്ടൻറ് രഞ്ജിത് വാര്യർ എന്നിവർക്കാണ് ഉപാധികളോടെ ജാമ്യം അനുവദിച്ചത്.

പ്രതികളെ അഞ്ചു ദിവസം കൂടി കസ്റ്റഡിയിൽ വേണമെന്ന വിജിലൻസിന്റെ ആവശ്യം കോടതി അംഗീകരിച്ചില്ല. കേസിൽ വിജിലൻസിന് വീഴ്ച ഉണ്ടായെന്ന് ജാമ്യ ഉത്തരവിൽ പറയുന്നു. പ്രതികളുടെ അറസ്റ്റ് നടപടികളിലാണ് വീഴ്ചയുണ്ടായത്, അറസ്റ്റിന്റെ കാരണം പ്രതികളെ അറിയിച്ചില്ലെന്നും ഉത്തരവിൽ പരാമർശമുണ്ട്.

കള്ളപ്പണം വെളുപ്പിക്കൽ കേസ് ഒതുക്കി തീർക്കാൻ കൊല്ലത്തെ കശുവണ്ടി വ്യവസായിയിൽ നിന്ന് രണ്ട് കോടി രൂപ ആവശ്യപ്പെട്ടുവെന്നാണ് കേസ്. കശുവണ്ടി വ്യവസായ സ്ഥാനപത്തിന് വിറ്റുവരവ് കൂടുതലാണെന്നും വ്യാജരേഖകൾ ഉപയോഗിച്ച് കണക്കുകളിൽ കൃത്രിമം നടത്തിയെന്നും കാണിച്ച് 2024ൽ കൊച്ചി എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ് വ്യവസായിക്ക് സമൻസ് അയച്ചിരുന്നു.

കേസിൽനിന്ന് ഒഴിവാക്കാൻ കൊച്ചി ഇഡി ഓഫിസിലെ അസിസ്റ്റൻറ് ഡയറക്ടർ ശേഖർകുമാർ നിർദേശിച്ച മുംബൈയിലെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് രണ്ട് കോടി രൂപ ഇടാൻ ആവശ്യപ്പെട്ട് തമ്മനം സ്വദേശി വിൽസൺ സമീപിച്ചുവെന്നാണ് വ്യവസായി പറയുന്നത്. കേസിൽ ഒന്നാം പ്രതി ഇഡി അസിസ്റ്റൻറ് ഡയറക്ടർ ശേഖർകുമാറിനെ ഇതുവരെ അറസ്റ്റു ചെയ്തിട്ടില്ല.

ഇഡി ഓഫീസുമായുള്ള തന്റെ ബന്ധം തെളിയിക്കാൻ ഓഫിസിൽനിന്ന് സമൻസ് അയപ്പിക്കാമെന്ന് വിൽസൺ പറഞ്ഞിരുന്നതായും വ്യവസായി പറയുന്നു. ഈ മാസം 14ന് സമൻസ് ലഭിക്കുകയും ചെയ്തു.

കൈക്കൂലിപ്പണത്തിന്റെ ആദ്യ ഗഡുവായി രണ്ടു ലക്ഷം രൂപ വാങ്ങുന്നതിനിടെയാണ് വിൽസണും മുകേഷും അറസ്റ്റിലായതും ഉന്നത ഇഡി ഉദ്യോഗസ്ഥൻ പ്രതിയായ കേസിലേക്ക് അന്വേഷണം ആരംഭിച്ചതും.

# സിഎംഎഫ്ആർഐയുടെ കല്ലുമ്മക്കായ കൃഷിയിൽ 1.7 ടൺ വിളവെടുപ്പ്

കൊച്ചി: കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) മേൽനോട്ടത്തിൽ കൊടുങ്ങല്ലൂർ കായലിൽ നടന്ന കല്ലുമ്മക്കായ കൃഷിയിൽ ബംബർ വിളവെടുപ്പ്. ആറ് മാസം നീണ്ടുനിന്ന കൃഷിയിൽ നിന്ന് ലഭിച്ചത് 1.7 ടൺ കല്ലുമ്മകായ.

പട്ടികജാതി കുടുംബങ്ങളുടെ ജീവിത നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ സിഎംഎഫ്ആർഐയുടെ ഷെഡ്യൂൾഡ് കാസ്റ്റ് സബ് പ്ലാനിന്റെ(എസ് സി എസ് പി) ഭാഗമായിരുന്നു കൊടുങ്ങല്ലൂർ കായലിലെ കല്ലുമ്മക്കായ കൃഷി.

ചിലവ് കുറഞ്ഞ കല്ലുമ്മക്കായ കൃഷിരീതി ജനപ്രിയമാക്കുക എന്ന ലക്ഷ്യത്തോടെ, രണ്ട് സ്വയം സഹായക സംഘങ്ങളെ പങ്കാളികളാക്കിയാണ് കൃഷി നടത്തിയത്. ഉയർന്ന വളർച്ചാനിരക്കോടെ കൃഷിയിൽ നിന്നും മികച്ച വിളവെടുപ്പാണ് നേടിയത്. തോട് ഉൾപ്പെടെയുള്ള കല്ലുമ്മക്കായ കിലോക്ക് 200-250 രൂപ വില ലഭിക്കുമെന്നാണ് പ്രതീക്ഷ.

കൊടുങ്ങല്ലൂർ നഗരസഭയിലെ 15 പട്ടികജാതി കുടുംബങ്ങളിലെ അംഗങ്ങൾക്കായുള്ള കൃഷി ആരംഭിച്ചത് കഴിഞ്ഞ വർഷം ഡിസംബറിലായിരുന്നു. ജി ഐ പൈപ്പുകൾ ഉപയോഗിച്ച് രണ്ട് കൃഷിയിടങ്ങളാണ് സിഎംഎഫ്ആർഐ സ്ഥാപിച്ചത്. ആവശ്യമായ ശാസ്ത്ര-സാങ്കേതിക സഹായവും സിഎംഎഫ്ആർഐ നൽകി.

കൊടുങ്ങല്ലൂർ നഗരസഭ വൈസ് ചെയർമാൻ അഡ്വ. വി.എസ്. ബിനിൽ വിളവെടുപ്പ് മേള ഉദ്ഘാടനം ചെയ്തു. നഗരസഭ പ്രതിപക്ഷ നേതാവ് ടി.എസ്. സജീവൻ, കൗൺസിലർ കെ.എസ്. ശിവറാം, സിഎംഎഫ്ആർഐയിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. രമ മധു, സീനിയർ സയന്റിസ്റ്റ് ഡോ. വിദ്യ ആർ, ടെക്നിക്കൽ ഓഫീസർ പി. എസ്. അലോഷ്യസ് എന്നിവരും ചടങ്ങിൽ പങ്കെടുത്തു.



സിഎംഎഫ്ആർഐയുടെ മേൽനോട്ടത്തിൽ കൊടുങ്ങല്ലൂർ കായലിൽ നടന്ന കല്ലുമ്മക്കായ കൃഷിയുടെ വിളവെടുപ്പ്

# 'യുവതാരങ്ങൾ വരട്ടെ': ടെസ്റ്റ് ക്രിക്കറ്റിനോട് വിടപറഞ്ഞ് ആഞ്ചെലോ മാത്യൂസ്

കൊളംബോ: ടെസ്റ്റ് ക്രിക്കറ്റിൽ നിന്ന് വിരമിക്കൽ പ്രഖ്യാപിച്ച് ശ്രീലങ്കൻ മുൻ നായകൻ ആഞ്ചെലോ മാത്യൂസ്. ജൂണിൽ ഗാലെയിൽ നടക്കുന്ന ബംഗ്ലാദേശിനെതിരായ ആദ്യ ടെസ്റ്റിനുശേഷം ടെസ്റ്റ് ക്രിക്കറ്റിൽ നിന്ന് വിരമിക്കുമെന്ന് 37 കാരനായ താരം അറിയിച്ചു. യുവ പ്രതിഭകൾക്ക് വഴിയൊരുക്കുന്നതിനായി ടെസ്റ്റ് ഫോർമാറ്റിൽ നിന്ന് മാറി നിൽക്കുമ്പോൾ, വൈറ്റ്-ബോൾ ക്രിക്കറ്റിൽ തുടരുമെന്നും അദ്ദേഹം പറഞ്ഞു. നന്ദിയുള്ള ഹൃദയത്തോടെയും മറക്കാനാവാത്ത ഓർമകളോടെയും ഏറ്റവും പ്രിയപ്പെട്ട ഫോർമാറ്റായ അന്താരാഷ്ട്ര ടെസ്റ്റ് ക്രിക്കറ്റിനോട് വിടപറയാൻ തനിക്ക് സമയമായെന്ന് മാത്യൂസ് സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമായ എക്സിൽ പോസ്റ്റ് ചെയ്തു. 'ഈ ടെസ്റ്റ് ടീം കഴിവുള്ള ഒരു ടീമാണെന്ന് ഞാൻ വിശ്വസിക്കുന്നു, ഭാവിയിലെയും ഇപ്പോഴത്തെയും നിരവധി പ്രഗത്ഭർ കളിക്കുന്നുണ്ട്. നമ്മുടെ രാജ്യത്തിനായി തിളങ്ങാൻ ഒരു യുവതാരത്തിന് വഴിയൊരുക്കാൻ ഇപ്പോൾ ഏറ്റവും നല്ല സമയമാണെന്ന് തോന്നുന്നു'- അദ്ദേഹം കൂട്ടിച്ചേർത്തു. 2009 ൽ അരങ്ങേറ്റം കുറിച്ച മാത്യൂസ് 118 ടെസ്റ്റുകളിൽ നിന്നായി 44.62 ശരാശരിയിൽ 8167 റൺസ് നേടിയിട്ടുണ്ട്. ശ്രീലങ്കൻ ടെസ്റ്റ് റൺവേട്ടക്കാരിൽ കുമാർ സംഗക്കാരയ്ക്കും മഹേള ജയവർധനെയ്ക്കും പിന്നിൽ മൂന്നാമതാണ് മാത്യൂസ്. ടെസ്റ്റ് കരിയറിൽ 16 സെഞ്ചുറികളും ഉൾപ്പെടുന്നു, 200 റൺസാണ് ഉയർന്ന സ്കോർ. 34 വിക്കറ്റുകളും അദ്ദേഹം നേടിയിട്ടുണ്ട്. 2013 മുതൽ 2017 വരെ എല്ലാ ഫോർമാറ്റുകളിലും അദ്ദേഹം ശ്രീലങ്കയെ നയിച്ചു.

ശ്രീലങ്കൻ ടെസ്റ്റ് ക്രിക്കറ്റിന്റെ യഥാർഥ സേവകനായ മാത്യൂസിന്റെ 17 വർഷത്തെ അചഞ്ചലമായ സമർപ്പണത്തിനും നേതൃത്വത്തിനും റെഡ്-ബോൾ ഫോർമാറ്റിലെ മറക്കാനാവാത്ത നിമിഷങ്ങൾക്കും നന്ദിയെന്നും അദ്ദേഹത്തിന്റെ പ്രതിബദ്ധതയും അഭിനിവേശവും ഒരു തലമുറയെ പ്രചോദിപ്പിച്ചുവെന്നും ശ്രീലങ്കൻ ക്രിക്കറ്റ് വാർത്താക്കുറിപ്പിൽ അറിയിച്ചു.

## നടൻ സന്തോഷ് കീഴാറ്റൂരിന്റെ മകനെ മർദിച്ച സംഭവം: മൂന്നുപേർ അറസ്റ്റിൽ

തളിപ്പറമ്പ്: നടൻ സന്തോഷ് കീഴാറ്റൂരിന്റെ മകനെയും കൂട്ടുകാരെും മർദിച്ച സംഭവത്തിൽ മുഖ്യ പ്രതിയുൾപ്പെടെ മൂന്നുപേർ അറസ്റ്റിൽ. മുഖ്യപ്രതി സന്തോഷ്, ശ്രീകാന്ത്, പ്രജീഷ് എന്നിവരാണു പോലീസിന്റെ പിടിയിലായത്. ബുധനാഴ്ച രാത്രി തൃച്ചംബരം ചിന്മയ സ്കൂളിന് മുന്നിൽ വച്ചാണ് സന്തോഷ് കീഴാറ്റൂരിന്റെ മകൻ യദുശാന്ത് കുട്ടുകാരായ ഋഷിദ്, നിവേദ്, അർജുൻ എന്നിവരെ സ്കൂൾ ഫ്ലക്സിന് കല്ലെറിഞ്ഞു എന്നാരോപിച്ച് എട്ടംഗ സംഘം മർദിച്ചത്.

## പ്രവേശന പരീക്ഷ ജൂൺ 22 ന്

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി കേരള നടത്തുന്ന ബാച്‌ലർ ഓഫ് ഡിസൈൻ (ഫാഷൻ ഡിസൈൻ) കോഴ്സിലേക്കുള്ള പ്രവേശന പരീക്ഷ ജൂൺ 22 ന് കേരളത്തിലെ വിവിധ പരീക്ഷാ കേന്ദ്രങ്ങളിൽ നടത്തും. വിശദവിവരങ്ങൾക്ക് : www.lbscentre.kerala.gov.in. ഫോൺ: 0471-2324396, 2560327.